**അടിയന്തരപ്രമേയം**

ബാർ ലൈസൻസ്

മി. ഡെപ്യൂട്ടി സ്പീക്കർ : സർക്കാരിന്റെ മദ്യനയത്തിലെ ഫോർ സ്റ്റാർ ഹെറിറ്റേജ് ഹോട്ടലുകളെ ഒഴിവാക്കിയ വ്യവസ്ഥ റദ്ദുചെയ്തുകൊണ്ടുള്ള വിധിയ്ക്കു പിന്നാലെ 10 ബാറുകൾക്കും ഇന്നലെ 22 ബാറുകൾക്കുംകൂടി പ്രവർത്തനാനുമതി നൽകാൻ കേരള ഹൈക്കോടതി വിധി പ്രസ്താവിച്ചത് പഴുതുകളില്ലാതെ സർക്കാർ നിലപാട് കോടതിയിൽ ഉന്നയിക്കുന്നതിൽ പരാജയപ്പെട്ടതുമൂലമാണെന്നും അതുമൂലമുളവായിട്ടുള്ള സ്ഥിതിവിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നും ആവശ്യപ്പെട്ട് ഡോ. ടി. എം. തോമസ് ഐസക് സർവ്വശ്രീ. മുല്ലക്കര രത്നാകരൻ, ജോസ് തെറ്റയിൽ, എ. കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) : സർ, ഈ കേസ് ഇന്നും കോടതിയിൽ പോസ്റ്റ് ചെയ്തിട്ടുണ്ട്. കോടതിയിലിരിക്കുന്ന കാര്യമായതിനാൽ എല്ലാ കാര്യങ്ങളും ചർച്ച ചെയ്യാൻ പ്രയാസമുണ്ട്. കേരളീയ സമൂഹത്തിൽ വർദ്ധിച്ചുവന്ന മദ്യപാനാസക്തിയും അതുമൂലമുണ്ടായ ഗുരുതരമായ ആരോഗ്യ-സാമൂഹ്യ പ്രശ്നങ്ങളുമെല്ലാം കണക്കിലെടുത്തുകൊണ്ടാണ് ഈ സർക്കാർ

അധികാരത്തിൽവന്ന വർഷം (2011-12) മുതൽ മദ്യനയത്തിന് രൂപം നൽകിയത്. പൊതുസമൂഹത്തിൽ നിന്നുയർന്നുവന്ന നിർദ്ദേശങ്ങളുടേയും വിചാരങ്ങളുടേയും അടിസ്ഥാനത്തിലാണ് ആ നയം രൂപീകരിച്ചത്. ആ നയത്തിന്റെ ഭാഗമായി ഈ സർക്കാർ ആദ്യ വർഷം ത്രീ സ്റ്റാർ ഹോട്ടലുകൾക്ക് ലൈസൻസ് കൊടുക്കില്ലെന്ന് തീരുമാനിക്കുകയും രണ്ടാം വർഷം ഫോർ സ്റ്റാർ ഹോട്ടലുകൾക്ക് ലൈസൻസ് കൊടുക്കില്ലെന്ന് തീരുമാനിക്കുകയും ഫൈവ് സ്റ്റാർ ഹോട്ടലുകൾക്ക് മാത്രമേ ലൈസൻസ് കൊടുക്കുകയുള്ളൂ എന്ന് തീരുമാനിക്കുകയും ചെയ്തു. ഈ തീരുമാനങ്ങളെല്ലാം ഒരു സാമൂഹിക പ്രതിബദ്ധതയോടുകൂടി സമൂഹത്തിൽ വർദ്ധിച്ചുവരുന്ന മദ്യാസക്തിയുടെ ഗൗരവം, സമൂഹത്തിലെ വിവിധ മേഖലകളിൽനിന്നും ഉയർന്നുവന്ന വികാരങ്ങൾ മുതലായവ കണക്കിലെടുത്തുകൊണ്ടാണ് അങ്ങനെ ഒരു നയം ആവിഷ്കരിച്ചത്. ആ നയവുമായി ബന്ധപ്പെട്ട ധാരാളം കേസുകൾ കോടതിയിൽ വന്നിട്ടുണ്ട് എന്നുള്ളത് വസ്തുതയാണ്. പക്ഷേ ഈ കേസുകളിലൊന്നും ഒരു ജുഡീഷ്യൽ ഫൈനാലിറ്റി ഉണ്ടായിട്ടില്ല. ജുഡീഷ്യൽ ഫൈനാലിറ്റി വരാത്ത കാര്യമായതുകൊണ്ട് ഇക്കാര്യങ്ങൾ അദ്ദേഹം ചൂണ്ടിക്കാണിച്ചതുപോലെ വളരെ ഗൗരവമായിട്ടുള്ള ഒരു പ്രശ്നമായി പറയാൻ സാധിക്കില്ല. സർക്കാർ അപ്പീൽ കൊടുക്കുന്നതിൽ വീഴ്ച വരുത്തി എന്നുള്ള

രീതിയിലാണ് അദ്ദേഹത്തിന്റെ വിശദീകരണ കുറിപ്പിൽ പറഞ്ഞിട്ടുള്ളത്. നയം കോടതിയുടെ മുമ്പാകെ കൊണ്ടുവരാനും വാദിക്കാനും സർക്കാരിന് സാധ്യമായിട്ടില്ല. പ്രസ്തുത വിധിന്യായത്തിനെതിരെ ഡിവിഷൻ ബഞ്ചിൽ അപ്പീൽ നൽകുന്നതിന് വളരെ വൈകിയെന്നും പറയുന്നു. അപ്പീൽ നൽകുന്നതിന് യാതൊരു കാലതാമസവും ഉണ്ടാക്കിയിട്ടില്ല. 30.10.2014 നാണ് സിംഗിൾ ബഞ്ചിന്റെ വിധിയുണ്ടായത്. ആ സിംഗിൾ ബഞ്ച് വിധിക്കെതിരായി അപ്പീൽ കൊടുക്കാൻ 29.11.2014 വരെ സമയമുണ്ടായിരുന്നു. 25-ാം തീയതിതന്നെ അപ്പീൽ കൊടുത്തിട്ടുണ്ട്. 30ാം തീയതി വിധിവന്നു. എന്തുകൊണ്ട് 25-ാം തീയതിവരെ പോയി എന്ന് ചോദിച്ചാൽ സാങ്കേതികമായി യാതൊരു താമസവും ഉണ്ടായിട്ടില്ല. കാരണം പിന്നെയും 4 ദിവസം കൂടിയുണ്ട്. ഈ കേസിൽ സുപ്രീംകോടതിയിലും കേരള ഹൈക്കോടതിയിലും ഗവൺമെന്റിനുവേണ്ടി ഹാജരായത് പ്രമുഖ അഭിഭാഷകനായ ശ്രീ. കപിൽ സിബൽ ആണ്. അദ്ദേഹത്തിന് അത് wet ചെയ്തിട്ട് അദ്ദേഹത്തിന്റെകൂടി ഉപദേശങ്ങളും നിർദ്ദേശങ്ങളും കിട്ടുന്നതിനുവേണ്ടിയാണ് അത് 25-ാം തീയതിവരെ വൈകിയത്. അതിലൊരു വീഴ്ചയുണ്ടായിട്ടില്ല. കാരണം 29-ാം തീയതിവരെ സമയമുണ്ട്. ഇതിൽ അടിസ്ഥാനപരമായി ഒരു പ്രശ്നമുണ്ട്. ഗവൺമെന്റിന് ഒരു നയം ആവിഷ്ക്കരിക്കാൻ അവകാശമുണ്ടോ എന്നുള്ളതാണ്

ഇതിനകത്തെ അടിസ്ഥാനപരമായ പ്രശ്നം. ആ അവകാശത്തെയാണ് പലപ്പോഴും കോടതി ചോദ്യം ചെയ്യുന്നത്; അവസാനമായി ഏത് നയമായാലും അത് പ്രഖ്യാപിക്കാനുള്ള അവകാശം ഗവൺമെന്റിനാണെന്ന് ഞാൻ വിശ്വസിക്കുന്നു. അത്തരം കാര്യങ്ങളിൽ കോടതി ഇടപെട്ട് ഗവൺമെന്റിന്റെ നയം പ്രഖ്യാപിക്കുന്നതിനും ആ നയപരിപാടികളുമായി മുന്നോട്ട് പോകുന്നതിനും അലോസരമുണ്ടാകുന്നത് അങ്ങേയറ്റം നിർഭാഗ്യകരമാണ്. ഇത് കോടതിയോടുള്ള നിഷേധമല്ല എനിക്ക് കോടതിയോട് അങ്ങേയറ്റം ബഹുമാനമാണുള്ളത്. അതുകൊണ്ട് അതിനെക്കുറിച്ച് കൂടുതലൊന്നും പറയുന്നില്ല. ഇവിടെ ഡോ. ടി. എം. തോമസ് ഐസക് പ്രകടിപ്പിച്ചപോലെ യാതൊരു ആശങ്കയും അടിസ്ഥാനമില്ല.

ഡോ. ടി. എം. തോമസ് ഐസക് : സർ, ബഹുമാനപ്പെട്ട മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി യു.ഡി.എഫിന്റെ മദ്യനയം എങ്ങനെയാണ് ഉരുത്തിരിഞ്ഞുവന്നതെന്ന ഒരു വിശദീകരണം നൽകുകയുണ്ടായി. അത് വസ്തുതകളോട് നിരക്കുന്ന ഒന്നല്ല. യഥാർത്ഥത്തിൽ കോടതി നിങ്ങളുടെ മദ്യനയം രൂപംകൊണ്ട രീതിയുടെ മെറിറ്റ് പരിശോധിച്ചപ്പോൾ അത് ആർബിട്രറിയാണ്, അത് കോൺസ്റ്റിറ്റ്യൂഷന്റെ 14-ാം അനുച്ഛേദത്തിന് വിരുദ്ധമാണെന്നു

പറഞ്ഞുകൊണ്ടാണ് ഫോർ സ്റ്റാറിനുള്ള ഇളവ് ഇല്ലാതാക്കിയത്. അപ്പോൾ കോടതി അതിന്റെ മെറിറ്റ് പരിശോധിച്ചിട്ടുണ്ട്. കോടതി നയരൂപീകരണത്തിനുള്ള സർക്കാരിന്റെ അവകാശത്തെ ചോദ്യം ചെയ്തിട്ടില്ല. പക്ഷേ സർക്കാർ നയം രൂപീകരിക്കുന്നത് due പ്രോസസിലൂടെയായിരിക്കണം. അതിൽ വിവേചനപരമായ ഘടകങ്ങൾ പാടില്ല. അത് പരിശോധിച്ചപ്പോൾ വിവേചനമുണ്ടെന്ന് ചൂണ്ടിക്കാണിച്ചുകൊണ്ടാണ് ത്രീ സ്റ്റാർ വരെയുള്ളത് ആകാമെന്നും ഫോർ സ്റ്റാർ പാടില്ലെന്നും പറഞ്ഞത്. ഇത് യാദൃശ്ചികമായി സംഭവിച്ചതല്ല എന്നതാണ് എന്റെ വാദം. ഇത് ഗൗരവമായിട്ടുള്ള സ്ഥിതിവിശേഷമാണ്. യു.ഡി.എഫ്-ന്റെ മദ്യനയം എങ്ങനെ വന്നാലും ഇപ്പോൾ ഉണ്ടായിരിക്കുന്ന സ്ഥിതിവിശേഷം എന്താണ്? 418 ബാറുകളിൽ ആദ്യം 22 ബാറുകൾക്കും, പിന്നീട് പത്ത് ബാറുകൾക്കും അനുവാദം കൊടുത്തു. എന്നാൽ ക്ലാസിഫൈഡ് അല്ലെന്നുപറഞ്ഞ 418 ബാറുകളിൽ ഉൾപ്പെടേണ്ട എന്ന സ്ഥിതിയാണ് ഇപ്പോൾ വന്നിട്ടുള്ളത്. പുതിയതായി ഒരു ഫോർ സ്റ്റാർ പദവിയുള്ള ഹോട്ടൽ അവർക്ക് ബാർ വേണമെന്ന പറഞ്ഞാൽ അത് പരിഗണിച്ചുകൊടുക്കണമെന്നുള്ളതാണ് കോടതിയുടെ നിർദ്ദേശം. എന്നുവച്ചാൽ ഈ മദ്യനയത്തിന്റെ അടിത്തറയിളകുകയാണ്. ത്രീ സ്റ്റാറും ഫോർ സ്റ്റാറും തമ്മിൽ വലിയ അന്തരമൊന്നുമില്ല. കുറച്ച് പണം മുടക്കി ചെറിയൊരു മാറ്റം വരുത്തിയാൽ, ആ പണം

കൊടുക്കാൻ കെ.എഫ്.സി-യും എസ്.ബി.ഐ.-യും തയ്യാറാകും. കാരണം അവരുടെ അക്കൗണ്ട് ക്ലോസ് ചെയ്യാതിരിക്കാൻവേണ്ടി, ഫോർ സ്റ്റാറാകാൻവേണ്ടി പണം കൊടുക്കാൻ അവർ തയ്യാറാവും. അതിന്റെ ഫലമായി ദിവസങ്ങൾ കഴിയുംതോറും ബാറുകളുടെ എണ്ണം കൂടാൻ പോകുകയാണ്. ബഹുമാനപ്പെട്ട എക്സൈസ് വകുപ്പുമന്ത്രി പറഞ്ഞതുപോലെയല്ല മദ്യനയം ഉണ്ടായത്. 2011 ഡിസംബർ 9-നാണ് ആദ്യം ഇതുസംബന്ധിച്ച തീരുമാനമുണ്ടായത്. നിങ്ങൾ ത്രീ സ്റ്റാറിന് ലൈസൻസ് കൊടുക്കണ്ടെന്നു പറഞ്ഞപ്പോൾ ഞങ്ങളതിനെ എതിർത്തില്ലല്ലോ? നല്ല കാര്യമായതിനാൽ ഞങ്ങളും അതിനെ സ്വാഗതം ചെയ്തു. അതിനുശേഷം മാർച്ച് 27-ന് നിങ്ങൾ ഒരു പുതിയ നിബന്ധന കൊണ്ടുവന്നു. ഗ്രാമപ്രദേശത്ത് 3 കിലോമീറ്റർ പരിധിയിലും നഗരത്തിൽ ഒരു കിലോമീറ്റർ പരിധിയിലും പുതിയ ബാറുകൾക്ക് അനുവാദം കൊടുക്കില്ല എന്ന്. അതിനെതിരായി ഹൈക്കോടതിയുടെയും സുപ്രീംകോടതിയുടെയും വിധി വന്നു, അങ്ങനെ അത് ഇല്ലാതാക്കി. അവിടെയാണ് പ്രശ്നങ്ങൾ തുടങ്ങുന്നത്. അങ്ങനെ ഇച്ഛാഭംഗത്തിലിരിക്കുമ്പോഴാണ് 2012 ഡിസംബറിൽ സി & എ.ജി. യുടെ റിപ്പോർട്ട് വരുന്നത്. രണ്ടാഴ്ച മുമ്പാണ് പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി സി.&എ.ജി.-യുടെ റിപ്പോർട്ട് പരിഗണിച്ചത്. സി.&എ.ജി. പറഞ്ഞത്, 418 ബാറുകൾക്ക് നിലവാരമില്ല എന്ന് കമ്മീഷണർ കണ്ടെത്തിയിട്ടുണ്ട്

എന്നും അതിന് എന്തിനാണ് നിങ്ങൾ വീണ്ടും വീണ്ടും അനുവാദം നൽകുന്നതെന്നുമാണ്. ബഹുമാനപ്പെട്ട എക്സൈസ് വകുപ്പുമന്ത്രി പറയുന്നതുപോലെ എൽ.ഡി.എഫിന്റെ ഭരണകാലം തുടങ്ങിയപ്പോഴൊന്നുമല്ല 2011 ജനുവരി മാസത്തിലാണ് കത്ത് അയയ്ക്കുന്നത്. ഇലക്ഷനിലേക്ക് പോയില്ലേ. ഇവിടെ ആര് തീരുമാനമെടുക്കുന്നു? അതിനുശേഷം 2011-12, 2012-13 രണ്ടുവർഷം കഴിഞ്ഞില്ലേ; രണ്ടുവർഷവും എക്സൈസ് കമ്മീഷണറുടെ രേഖയുണ്ടായിട്ടും നിങ്ങൾ നീട്ടിക്കൊടുത്തു. ബാർ സംബന്ധിച്ചുള്ള സി.&എ.ജി. റിപ്പോർട്ട് വന്നതോടുകൂടി പ്രശ്നങ്ങളായി, നിങ്ങൾ ജസ്റ്റിസ് രാമചന്ദ്രനെ ഏകാംഗ കമ്മീഷനായി വച്ചു. രണ്ടാം അങ്കം കഴിഞ്ഞു. മൂന്നാം അങ്കം - 2013 മാർച്ച് 26-ാം തീയതി കാബിനറ്റിൽ മുഖ്യമന്ത്രിയുടെ അംഗീകാരത്തോടുകൂടി ബഹുമാനപ്പെട്ട എക്സൈസ് വകുപ്പുമന്ത്രി 418 ബാറുകൾക്ക് താല്ക്കാലികമായി ലൈസൻസ് നൽകുന്നതിനുവേണ്ടി കുറിപ്പുവയ്ക്കുന്നു. ഇതിനെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി എതിർക്കുന്നു. ആദ്യത്തെ ചോദ്യം എങ്ങനെ ഇത്..... ധനകാര്യവകുപ്പുമന്ത്രി പറഞ്ഞല്ലോ റൂൾസ് ഓഫ് പ്രൊസീഡുവർ അനുസരിച്ച് നിയമമന്ത്രി കാണണ്ടേയെന്ന്. അങ്ങനെ കാണാതെ കാബിനറ്റിൽ കൊണ്ടുവരാൻ ഇത്രവലിയ തിടുക്കം എന്താണ് എന്നുള്ള കാര്യം എക്സൈസ് വകുപ്പ് മന്ത്രിയും മുഖ്യമന്ത്രിയും ഒന്നു വിശദീകരിച്ചാൽ നന്നായിരുന്നു. കാരണം റൂൾസ് ഓഫ്

പ്രൊസീഡ്യുവർ തെറ്റിച്ച് കൊണ്ടുവന്നതായതുകൊണ്ട് ഞാൻ എതിർത്തു എന്ന് ധനകാര്യ വകുപ്പുമന്ത്രിയാണ് പറഞ്ഞത്.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): അത് അന്നുതന്നെ ക്ലിയർ ചെയ്തുകൊടുത്തു.

ഡോ. ടി.എം. തോമസ് ഐസക്: സർ, അന്നല്ല, മാർച്ച് 26-ന് ഈ സംഭവം ഉണ്ടായതിനുശേഷം ഏപ്രിൽ 2-ലെ ക്യാബിനറ്റിലാണ് നിങ്ങൾ ഇത് തീരുമാനിക്കുന്നത്. ആ രേഖ മേശപ്പുറത്ത് വച്ചാലും.

ശ്രീ. കെ.എം. മാണി: സർ, 28-ന് ക്ലിയർ ചെയ്ത് ധനകാര്യവകുപ്പുമന്ത്രി കൊടുത്തു.

ഡോ. ടി.എം. തോമസ് ഐസക്: അതിനിടയിൽ ഇടപാടുകൾ നടന്നുവെന്നാണ് ബാറുടമകൾ പറയുന്നത്. അതാണ് പ്രശ്നം.

ശ്രീ. കെ. എം. മാണി: സർ, ഇടപാടുകളൊക്കെ നിങ്ങളാണ് നടത്തിയത്.

ഡോ. ടി.എം. തോമസ് ഐസക്: സർ, കുപിതനാകല്ലേ കാര്യങ്ങളൊക്കെ ചർച്ച ചെയ്യാം. ഞാൻ ചർച്ച ചെയ്യാൻ നിൽക്കുകയാണ്. ഒബ്ജക്ട് ചെയ്യാൻ രണ്ടുകാരണമാണ് അങ്ങ് പറഞ്ഞത്. ഒന്ന്, ഏകാംഗ

കമ്മീഷൻ റിപ്പോർട്ട് വന്നു, രണ്ട്, ടാക്സ് സെക്രട്ടറിയുടെ റിപ്പോർട്ടുണ്ട്. ഈ സാഹചര്യത്തിൽ നിയമം നോക്കണ്ടേ? പരിണിതപ്രജ്ഞനായ അങ്ങേയ്ക്ക് അറിയാമല്ലോ?ഈ രണ്ട് റിപ്പോർട്ടും ഈ പറയുന്ന 418 ബാറുകൾക്കും ലൈസൻസ് കൊടുക്കാനുള്ള നിർദ്ദേശമാണ്. പിന്നെ എന്ത് നിയമമാണ് നിങ്ങൾ നോക്കുന്നത്? റൂൾസ് ഓഫ് പ്രൊസ്യൂഡുവറിന്റെ കാര്യം പറഞ്ഞാൽ, എത്ര തീരുമാനങ്ങൾ ക്യാബിനറ്റിൽ ഔട്ട് ഓഫ് അജണ്ടയായി വരുന്നു. അക്കൗണ്ടന്റ് ജനറൽ നോക്കിയിട്ട് വന്ന അജണ്ടയല്ലേ ഇത്. നിയമവകുപ്പുമന്ത്രിയായ അങ്ങേയ്ക്ക് എ.ജി. യെ ഇത്ര വിശ്വാസ കുറവാണോ? അപ്പോൾ ഇതൊന്നുമല്ല ഇതിനു കാരണം. അതിനുമുമ്പ് ബിജു രമേശൻ പറഞ്ഞ വാദങ്ങളിലേയ്ക്കുംമറ്റും വരേണ്ടതുണ്ട്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുപോലയല്ല, ഏപ്രിൽ 2-ന് 418 ബാറുകൾക്ക് തൽക്കാലം ലൈസൻസ് കൊടുക്കുന്നില്ലെന്നും 312 ക്ലാസിഫൈഡ് ബാറുകൾക്ക് കൊടുക്കാനും നിങ്ങൾ തീരുമാനിച്ചു. കാരണം എന്താണ്? ഇലക്ഷന് തൊട്ടു മുൻപാണ്, ഇവിടെയാണ് കെ.പി.സി.സി. പ്രസിഡന്റ് രംഗപ്രവേശം ചെയ്യുന്നത്. 418 ബാറുകൾക്ക് ലൈസൻസ് കൊടുക്കാൻ പാടില്ലായെന്നല്ല ഇലക്ഷൻ കഴിയുന്നതുവരെ ഇത് മാറ്റിവയ്ക്കാം എന്നാണ് അദ്ദേഹം പറഞ്ഞത്. ഇലക്ഷൻ കഴിഞ്ഞപ്പോൾ തർക്കം

ആരംഭിച്ചു. അതിനിടയിൽ തന്റെ ആദർശ പരിവേഷത്തിന് മാറ്റുകൂട്ടുമെന്ന് മനസ്സിലാക്കിയ കെ.പി.സി.സി. പ്രസിഡന്റ് 418 ബാറുകൾക്ക് ഇനി കൊടുക്കാനേ പാടില്ലായെന്ന് പറയുന്നു. അതാണ് ജനപക്ഷ നിലപാട്. അപ്പോഴാണ് പ്രായോഗിക വാദിയായ ശ്രീ. രമേശ് ചെന്നിത്തലയും മുഖ്യമന്ത്രിയും രംഗപ്രവേശം ചെയ്യുന്നത്. ശ്രീ. കെ. എം. മാണിസാർ, പ്രായോഗികമായ നിലപാട് സ്വീകരിക്കേണ്ടതുണ്ട്. അങ്ങനെ പ്രയോഗികവാദികളും ആദർശവാദികളും തമ്മിൽ തർക്കിച്ചു വന്നപ്പോൾ കെ. എം. മാണി സാർ കാലുമാറി. സെപ്റ്റംബർ മാസത്തിൽ ലീഗും കാലുമാറിയപ്പോൾ മുഖ്യമന്ത്രി പ്രായോഗികവാദിയും ബാക്കിയെല്ലാവരും ആദർശവാദികളുമായി മാറി. അതോടുകൂടി മുഖ്യമന്ത്രി കയറി വെട്ടാൻ തീരുമാനിച്ചു. അങ്ങനെയല്ലേ നിങ്ങൾ ആഗസ്റ്റ് 21-ന് യു.ഡി.എഫ്-ൽ ആരോടും പറയാതെ ഒരു കടലാസ് വച്ച് മദ്യ നയം അങ്ങ് പ്രഖ്യാപിക്കുന്നത്? ആ മദ്യനയത്തിലാണ് ഫൈവ് സ്റ്റാർ ഹോട്ടലിന് മാത്രമേ ലൈസൻസ് കൊടുക്കുകയുള്ളുവെന്നും ഔട്ട് ലെറ്റുകൾക്ക് 10 ശതമാനം വച്ച് കുറയ്ക്കുമെന്നും പറഞ്ഞത്. യു.ഡി.എഫ്. തീരുമാനിച്ചാൽ പോരാ ഇത് നയമാക്കണമെന്ന് ഹൈക്കോടതി പറഞ്ഞു. അങ്ങനെ ആഗസ്റ്റ് -27-ന് നയം പ്രഖ്യാപിച്ചു. ആഗസ്റ്റ്

28-ന് നോട്ടീസ് കൊടുക്കുന്നു. പുതിയ കളി ആരംഭിക്കുകയായി. ഈ വിഷയം കോടതിയിൽ പോകുന്നു. കോടതി എന്താണ് പറഞ്ഞത്; ബഹുമാനപ്പെട്ട എക്സൈസ് വകുപ്പുമന്ത്രി, കോടതി വിധി വളരെ വ്യക്തമാണ്. നിങ്ങൾക്ക് നയപരമായ തീരുമാനമെടുക്കാം, പക്ഷെ തീരുമാനം ആർബിട്രറി ആകരുതെന്ന് കോടതി പറഞ്ഞു. എന്തുകൊണ്ടാണ് ആർബിട്രറി ആണെന്ന് പറഞ്ഞത് ? കോടതി പറഞ്ഞത് ഞാൻ ഇവിടെ ക്വാട്ട് ചെയ്യാം- ' The Government files be made available for perusal also do not contain any material to justify exclusively for hotels of four star and heritage categories. The measure has surface for the first time all of the sudden in the Abkari policy of 2014-15. അതുവരെ ചർച്ച ചെയ്യാതിരുന്ന കാര്യം ഈ പ്രഖ്യാപനം നടത്തുമ്പോൾ പെട്ടെന്ന് എന്റെ മുൻപിൽ പ്രത്യക്ഷപ്പെടുകയാണ്. ഈ പരിശോധിച്ച സർക്കാരിന്റെ ഫയലുകളിൽ എവിടെയെങ്കിലും ഇതിന്റെ മെരിറ്റിനെ കുറിച്ച് ചർച്ചയില്ല. അതു കഴിഞ്ഞ് കോടതി പറയുകയാണ്, ലഭ്യമാക്കിയ രേഖകളും തെളിവുകളും നേരെ വിപരീതമായിട്ടുള്ളതാണ് എന്ന്. ഒന്ന് വൺമാൻ കമ്മീഷൻ, ജസ്റ്റിസ് രാമചന്ദ്രൻ പറഞ്ഞിരിക്കുന്നതെന്താണ്; കൊടുക്കണം, അപ്ഗ്രേഡ് ചെയ്യണമെന്നാണ്, ടാക്സ് സെക്രട്ടറിയും upgrade

ചെയ്യണമെന്നാണ് പറഞ്ഞത്. മൂന്നാമത്തേത്, കോടതി പറയുന്നു, absolutely no material to justify a conclusion that there were any complaints to their function. എന്നിട്ടാണ് കോടതി പറയുന്നത്, രണ്ടും മൂന്നും കാറ്റഗറിയിൽ നിൽക്കുന്നവരെ ഉൾപ്പെടുത്താൻ സാധിക്കുകയില്ല. അടിസ്ഥാനപരമായി രണ്ടു വ്യത്യാസമുണ്ട്. ഒന്നാമത്തെ വ്യത്യാസം, ഫോർ സ്റ്റാർ പ്രവർത്തിക്കണമെങ്കിൽ ബാർ വേണമെന്നുള്ളതാണ് അതിന്റെയൊരു കണ്ടീഷൻ. രണ്ടിനും മൂന്നിനും അതില്ല. ഫോർ സ്റ്റാർ നിങ്ങൾ അംഗീകരിക്കുന്നില്ലെങ്കിൽ ഇതിനെക്കുറിച്ച് ആലോചിക്കേണ്ടതുണ്ട്. Unless local rules സാധ്യമല്ല എന്നുപറയുന്നില്ലേ; അതുണ്ട്. രണ്ടാമത്തേത്, ഇപ്പോഴുള്ള റൂളിൽതന്നെ ഫോർ സ്റ്റാറിനെ വേറെ പരിഗണിച്ചിട്ടുണ്ട്. 50 മീറ്റർ ദൂരപരിധി മതി. മനുഷ്യൻ നടന്നുപോകുന്ന വഴിയിലൂടെ 50 മീറ്റർ അളന്നാൽ മതി. ഇങ്ങനെ വ്യത്യസ്തമായ കാറ്റഗറിക്ക് യുക്തിയും ന്യായവും പറയാതെ പ്രഖ്യാപിച്ചത് ശരിയല്ലായെന്നാണ് കോടതി പറഞ്ഞത്. ആ കോടതി പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ഇനി ഫോർ സ്റ്റാർ ബാർ ലൈസൻസിനുവേണ്ടി ആരൊക്കെ അപേക്ഷിക്കുന്നുവോ അവർക്കൊക്കെ ലൈസൻസ് കൊടുക്കാൻ നിങ്ങൾ ബാധ്യസ്ഥരാണ് എന്നാണ് കോടതി പറഞ്ഞിരിക്കുന്നത്. അപ്പീൽ പോകും. 29-ാം തീയതി വരെ ഡേറ്റ്

ഉണ്ടായിരുന്ന 25-ാം തീയതിയാണ് അപ്പീൽ കൊടുത്തതെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ഹൈക്കോടതി ചോദിച്ചതിനുശേഷമല്ലേ... ബാറുടമകൾ പോയ കേസിൽ സർക്കാർ അപ്പീൽ കൊടുക്കുന്നില്ലേയെന്ന് ഹൈക്കോടതി ചോദിച്ചതിനുശേഷമല്ലേ സർക്കാർ അപ്പീലിന് പോയത്. യു.ഡി.എഫ്-ന് യോഗം ചേരേണ്ടി വന്നില്ലേ? യു.ഡി.എഫ്- യോഗത്തിൽ ചർച്ച വന്നു. ഇത് വച്ചു താമസിപ്പിക്കുന്നത് മാനഹാനി ഉണ്ടാക്കും അതുകൊണ്ട് അടിയന്തരമായി അപ്പീൽ കൊടുക്കണമെന്ന രാഷ്ട്രീയ തീരുമാനം ഉണ്ടായതിന്റെ അടിസ്ഥാനത്തിലല്ലേ എക്സൈസ് വകുപ്പുമന്ത്രി, നിങ്ങൾ അപ്പീൽ കൊടുത്തത്. കോടതിയിൽ എന്താ നടക്കുന്നത് എന്നുള്ളത് ബിജുരമേശന്റെ വർത്തമാനത്തിൽ മാതൃഭൂമി ന്യൂസ് പുറത്തുവിട്ട ശബ്ദരേഖയിൽ പറയുന്നുണ്ട്. അതിന്റെ പ്രസക്തമായ ഭാഗം മാത്രം ഞാൻ വായിക്കുകയാണ്. 20 കോടി രൂപ കഴിഞ്ഞ മൂന്നുനാല് വർഷത്തിനുള്ളിൽ ഞങ്ങൾ ട്രാൻസാക്ഷൻ നടത്തി. ഒരു കോടി രൂപയെയുള്ളൂ നമ്മുടെ ധനമന്ത്രിക്ക്. ശ്രീ. പി.സി. ജോർജ് ചോദിച്ചതുപോലെ ബാക്കി ആർക്കെല്ലാം. ബിജുരമേശൻ എന്തുകൊണ്ടാണ് ബാക്കിയുള്ളവരുടെ പേരുകൾ പറയാതിരുന്നതെന്ന്......... എന്നെങ്കിലും അദ്ദേഹം പറയുമായിരിക്കും. പക്ഷെ ഞങ്ങൾക്ക് അത് കണ്ടില്ലെന്ന് നടിച്ച്

പോകാൻ പറ്റുമോ?

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട തോമസ് ഐസക്, 12 മിനിറ്റ് ആയി.

ഡോ. ടി.എം. തോമസ് ഐസക്: സർ, ഇതു കേൾക്കൂ, ബിജു രമേശൻ പറയുന്ന, അതെല്ലാംകൂടി നിരത്തി കണക്ക് പറയുകയാണെങ്കിൽ മന്ത്രിസഭ തന്നെ കാണില്ല. മന്ത്രിസഭ തെറിച്ചുപോകുന്ന രീതിയിലുള്ള കാര്യങ്ങൾ നമ്മുടെ കയ്യിലുണ്ട്. പക്ഷെ നമ്മൾ ആദ്യം ഒരാളെ പിടിച്ചു വളച്ചു. അത് കൊംപ്രമൈസ് ചെയ്ത് ഈ അസോസിയേഷനിൽ ബാക്കിയുള്ളവർക്ക് വന്നിരിക്കുന്ന അവസ്ഥയിൽ മാറ്റം വരുത്താനാണ് ശ്രമിക്കുന്നത്. അവർ രാഷ്ട്രീയക്കാരൊന്നുമല്ല. നിങ്ങളെ മറിച്ചു കാണാനും അവർക്ക് താൽപ്പര്യമില്ല. ദുർബ്ബലമായ കണ്ണി ഏതെന്ന് നോക്കി ഒരാളെ പിടിച്ചു. അദ്ദേഹത്തെ വച്ചു വിലപേശുകയാണ്. എല്ലാവരും പാറപോലെ മുൻപിലും പിറകിലും ഉറച്ചു നിന്നോളൂ. ഞങ്ങൾക്ക് വിരോധമൊന്നുമില്ല. പക്ഷെ, ശ്രീ. പി.സി. ജോർജ്, ഒന്നു ചോദിക്കണം ബാക്കി പണം എവിടെ പോയി എന്നുള്ളത്?

ശ്രീ. പി.സി. ജോർജ്: സർ, നിങ്ങൾ വലിയ രായസം പ്രസംഗിക്കുന്നുണ്ടല്ലോ. കേരള ക്യാബിനറ്റിൽ പറഞ്ഞ രഹസ്യമാണെന്ന്

നിങ്ങൾ ഇവിടെ പറഞ്ഞു. അങ്ങനെയെങ്കിൽ ഡോ. ടി.എം. തോമസ് ഐസക്കിന് ക്യാബിനറ്റ് രഹസ്യം ചോർത്തി തന്നത് ആരാണ്.? അതുംകൂടി ജനങ്ങൾ അറിയട്ടെ. അതുകൂടി പറയൂ.

ഡോ. ടി. എം. തോമസ് ഐസക്: വിഷയം മാറ്റണ്ട. അത് പിന്നെ പറയാം. അതിന് ബുദ്ധിപൂർവ്വം അസോസിയേഷനെ ഉപയോഗിക്കുകയും എന്നെ മുമ്പിൽ നിർത്തി നിങ്ങൾക്ക് സൈഡിലും മിഡിലിലും നിൽക്കാം, ഈ പണിയല്ലേ നടന്നുകൊണ്ടിരിക്കുന്നത്.

മി. ഡെപ്യൂട്ടി സ്പീക്കർ: .........പ്ലീസ് കൺക്ലൂഡ്............

ഡോ. ടി. എം. തോമസ് ഐസക്: ഞാൻ കൺക്ലൂഡ് ചെയ്യാം. മുഖ്യമന്ത്രി അദ്ദേഹത്തിനാണ് അവസാനത്തെ ചിരി. എവിടെയാണോ തുടങ്ങിപ്പോൾ ഈ നാടകം വന്നുനിൽക്കുമെന്നു കരുതിയത് അവിടേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, എന്തിനാണ് അങ്ങയുടെ ഓഫീസിൽ നിന്നും എസ്.എൽ.ബി.സി-ക്ക് ഇങ്ങനെയൊരു നിവേദനം ഫോർവേഡ് ചെയ്തത്. ഒരു കടലാസ് കിട്ടി. അതിന്റെ അഭിപ്രായമറിയാൻ, Secretary, please look and put up എന്നുപറഞ്ഞ്

കൊടുക്കുന്നതല്ല. എസ്.എൽ.ബി.സി. തീരുമാനമെടുക്കുന്ന സമിതിയാണ്. ആ സമിതിയിലേയ്ക്ക് മുഖ്യമന്ത്രിയുടെ ഓഫീസിൽ നിന്നും ഒരു അപേക്ഷ ചെന്നുകഴിഞ്ഞാൽ അതിന്റെ അർത്ഥം എൻഡോഴ്സ്മെന്റ് തന്നെയാണ്. മുഖ്യമന്ത്രി, നിങ്ങൾ ഒരു സന്ദേശം കോടതിക്ക് കൊടുക്കുകയാണ്. ആ കോടതിയുടെ മെസേജ് എന്താണ്; കോടതിയിൽ ഇടപെട്ടുവെന്ന് ഞാൻ പറയുന്നില്ല.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: പ്ലീസ്..... പന്ത്രണ്ട് മിനിറ്റായി.

<u>ഡോ. ടി. എം. തോമസ് ഐസക്</u>: രണ്ടു മിനിട്ടു കൂടി, ഞാൻ നിർത്തുകയാണ്. മെസേജ് എന്താണ്; തുടക്കത്തിൽ അങ്ങ് എടുത്ത നിലപാട് തന്നെയാണ് ആ മെസേജ്. ഇത് ദൂരവ്യാപകമായ പ്രായോഗിക പ്രത്യാഘാതങ്ങൾ ടൂറിസത്തിലും മറ്റുമുണ്ടാക്കുമെന്നുള്ള അങ്ങയുടെ ആദ്യത്തെ പ്രഖ്യാപിത നിലപാട് വീണ്ടും എൻഡോഴ്സ് ചെയ്യുണ്ട, നിങ്ങളുടെ ഓഫീസിൽനിന്ന് കൊടുത്തയയ്ക്കുകയാണ്. ചർച്ച തകൃതിയായി നടക്കുകയല്ലേ, എന്തൊക്കെയാണ്; ഞായറാഴ്ച ഡ്രൈ ഡേ അല്ലാതാക്കാം. ഈ 411 ഹോട്ടലുകളിലും ബിയർ പാർലറുകൾ അനുവദിക്കാമെന്നുള്ള ചർച്ച നടന്നുകൊണ്ടിരിക്കുയല്ലേ? ബഹുമാനപ്പെട്ട എക്സൈസ് വകുപ്പുമന്ത്രി പറഞ്ഞ ആ

നയത്തിന്റെ പരിണാമമുണ്ടല്ലോ, അത് ഓരോഘട്ടത്തിലും അഴിമതി മണക്കുകയാണ്. അഴിമതിയുടെ നയമാണ്. അതിനെതിരായിട്ടാണ് ഞങ്ങൾ അടിയന്തരപ്രമേയം കൊണ്ടുവന്നത്. തന്റേടമുണ്ടെങ്കിൽ ബഹുമാനപ്പെട്ട എക്സൈസ് വകുപ്പുമന്ത്രി, ഞങ്ങളുടെ ചലഞ്ച് അംഗീകരിക്കു. ഇത് സഭ നിർത്തി ചർച്ച ചെയ്യൂ. അപ്പോൾ ബാക്കി പറയാം.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): ബഹുമാനപ്പെട്ട മെമ്പർ തോമസ് ഐസക് അപ്പീൽ കൊടുക്കാൻ കാലതാമസമുണ്ടായി യു.ഡി.എഫ്. യോഗം ചർച്ച ചെയ്യേണ്ടി വന്നുവെന്നും പറയുകയുണ്ടായി. ഈ കോടതിവിധിയുണ്ടായ ദിവസംതന്നെ, അതായത് 30.10.2014-ൽ തന്നെ ബഹുമാനപ്പെട്ട അഡ്വക്കേറ്റ് ജനറൽ ഗവൺമെന്റ് അപ്പീലുണ്ടെന്ന് കോടതിയിൽ പറഞ്ഞിട്ടുമുണ്ട്. ഈ കേസ് ഗവൺമെന്റിനുവേണ്ടി മുഖ്യമായി വാദിച്ചിരുന്നത് ശ്രീ. കപിൽ സിബലാണ്. അദ്ദേഹത്തിന് ഇത് wet ചെയ്തിട്ട് അദ്ദേഹത്തിന്റെ നിർദ്ദേശം കൂടി കാത്തിരുന്നു. ഈ കേസിൽ വീഴ്ച വരുത്താനാണെങ്കിൽ ഞങ്ങൾക്ക് കോടതിവിധി അംഗീകരിച്ചാൽ പോരേ; ഈ കേസിൽ അവരുമായി

ഒത്തുകളിക്കാനാണെങ്കിൽ...... ഒരു ഘട്ടത്തിലും കേരളത്തിലെ ബാർ ലോബിയുമായി കോമ്പ്രമൈസിന് തയ്യാറായിട്ടില്ല. അപ്പീലിന്റെ കാര്യത്തിൽ ഡോ. തോമസ് ഐസക് സൂചിപ്പിച്ചതുപോലെ യാതൊരു വീഴ്ചയും വന്നിട്ടില്ല. അങ്ങ് വീഴ്ചയുണ്ടെന്ന് തെളിയിച്ചാൽ ഞാൻ ഈ സ്ഥാനം ഒഴിയാൻ തയ്യാറാണ്. ഞാൻ വെല്ലുവിളിക്കുകയല്ല. ബഹുമാനപ്പെട്ട തോമസ് ഐസക് കാര്യങ്ങൾ വായിച്ച് മനസ്സിലാക്കുന്ന ആളാണല്ലോ? ഞാൻ ധരിച്ചത് ഇതെല്ലാം കൃത്യമായി വായിച്ച് മനസിലാക്കുമെന്നാണ്. അങ്ങയെ ആരോ തെറ്റിദ്ധരിപ്പിച്ചിരിക്കുകയാണ്, ഒരു വീഴ്ചയുമുണ്ടായിട്ടില്ല, കൃത്യമായി അപ്പീൽ കൊടുത്തിട്ടുണ്ട്. അതിൽ ആർക്കും വിമർശിക്കാൻ സാദ്ധ്യമല്ല. ഞാനും യു.ഡി.എഫ് യോഗത്തിനുമുമ്പ് അപ്പീൽ കൊടുക്കാൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്. അപ്പീൽ കൊടുക്കാനുള്ള തീരുമാനം യു.ഡി.എഫ്. യോഗത്തിൽ അത് അംഗീകരിച്ചു. ഞങ്ങളുടെ യു.ഡി.എഫ്. യോഗത്തിലെ കാര്യങ്ങളൊന്നും പറയുന്നില്ല. യു.ഡിഎഫ്. യോഗത്തിലെ എന്തെങ്കിലും അഭിപ്രായവ്യത്യാസങ്ങൾ പുറത്തുവന്നിട്ടുണ്ടോ; ഞങ്ങൾക്ക് ഒരഭിപ്രായവ്യത്യാസവുമില്ല. ഒറ്റക്കെട്ടായിട്ടാണ് തീരുമാനങ്ങളെടുക്കുന്നത്. ഞങ്ങൾ ആദ്യം കൊണ്ടുവന്ന, ത്രീ സ്റ്റാറിനും ഫോർ സ്റ്റാറിനും ലൈസൻസ്

കൊടുക്കില്ലെന്ന നയം, ശ്രീ. തോമസ് ഐസക് പറഞ്ഞതുപോലെ ദൂരപരിധി നിയമം ഇതെല്ലാം കൊണ്ടുവന്നു. ആ കൊണ്ടുവന്നതിനെതിരായി കേരള ഹൈക്കോടതി 27.7.2012-ൽ ഒരു വിധി പുറപ്പെടുവിച്ചു. ആ വിധിയിൽ ഞങ്ങൾ കൊണ്ടുവന്ന ഈ ഭേദഗതികളെല്ലാം ക്വാഷ് ചെയ്തു. കേരള ഗവൺമെന്റിന്റെ കൗണ്ടർപോലും ഫയൽചെയ്യാൻ സമയം തരാതെ കേരള ഗവൺമെന്റ് കൊണ്ടുവന്ന നയത്തിന്റെ അടിസ്ഥാനത്തിലുള്ള ഭേദഗതി കേരള ഹൈക്കോടതി റദ്ദ് ചെയ്തു. ആ ഭേദഗതി കോടതി റദ്ദാക്കിയതിനെതിരായി ഞങ്ങൾ കേസ് നമ്പർ 26/241243/12 ആയി സുപ്രീം കോടതിയിൽ എസ്.എൽ.പി. കൊടുത്തു. അതിന് ഹൈക്കോടതിയുടെ 27.7.2012 - ലെ വിധിക്കെതിരെ 19.9.2012 ഒരു ഇടക്കാല ഉത്തരവ് സുപ്രീം കോടതി പുറപ്പെടുവിച്ചു. ആ ഉത്തരവിൽ പറഞ്ഞിരിക്കുന്നത്, കേരള ഹൈക്കോടതി പറഞ്ഞതുപോലെ 23 ബാർ ഹോട്ടലുകൾക്ക് 8 ആഴ്ചയ്ക്കുള്ളിൽ ലൈസൻസ് കൊടുക്കണമെന്നാണ്. നിങ്ങൾ കേരള ഹൈക്കോടതിയുടെ ഉത്തരവ് comply ചെയ്തിട്ട് വരണമെന്നുംപറഞ്ഞു. ബാർ ഹോട്ടലുകാരുമായി ഒത്തുകളിക്കാനാണെങ്കിൽ, കേരള ഹൈക്കോടതി ഞങ്ങളുടെ നയം റദ്ദാക്കിയപ്പോൾ ഞങ്ങൾക്ക് അവിടെ വച്ച് അവസാനിപ്പിക്കാമായിരുന്നു.

കാരണം നിങ്ങളുടെ നയം തുടർന്നാൽ മതിയായിരുന്നു. നിങ്ങളുടെ നയമെന്തായിരുന്നു; ത്രീ സ്റ്റാർ ഹോട്ടലുകൾക്കും ഫോർ സ്റ്റാർ ഹോട്ടലുകൾക്കും ലൈസൻസ് കൊടുക്കും. പക്ഷേ ഞങ്ങൾ ചെയ്തത് ത്രീ സ്റ്റാർ ഹോട്ടലുകൾക്കും ഫോർ സ്റ്റാർ ഹോട്ടലുകൾക്കും ലൈസൻസ് കൊടുക്കില്ല. എന്തുകൊണ്ട്? കേരളത്തിൽ മദ്യത്തിന്റെ ഉപയോഗം വർദ്ധിച്ചുവരുന്നു. അത് വലിയ വിപത്തായി മാറി. അതുകൊണ്ട് നിങ്ങളുടെ നയം ഞങ്ങൾ തിരുത്താൻ തീരുമാനിച്ചു. ബഹുമാനപ്പെട്ട തോമസ് ഐസക്, ഞങ്ങൾ ഒത്തുകളിക്കുകയാണെങ്കിൽ കേരള ഹൈക്കോടതി വിധി പുറപ്പെടുവിച്ചപ്പോൾ അതുവച്ച് നിർത്തിയാൽ മതിയായിരുന്നു. 27.7.2012-ൽ അവസാനിപ്പിച്ചാൽ മതിയായിരുന്നു. പക്ഷേ ഞങ്ങൾ അതല്ല ചെയ്തത്. ഞങ്ങൾ സുപ്രീം കോടതിയിൽ എസ്.എൽ.പി. ഫയൽ ചെയ്തു. അപ്പോൾ 19.9.2012-ൽ സുപ്രീം കോടതി ഒരു വിധി പുറപ്പെടുവിച്ചു. അതാണ് ഞാൻ നേരത്തേ പറഞ്ഞത്. 23 ബാർ ഹോട്ടലുകൾക്ക് ലൈസൻസ് കൊടുക്കാനുള്ള കേരള ഹൈക്കോടതിയുടെ തീരുമാനം കംപ്ലൈ ചെയ്യാൻ പറഞ്ഞു. അതും 8 ആഴ്ചയ്ക്കുള്ളിൽ. നമുക്ക് വേണമെങ്കിൽ അന്നത് അവസാനിപ്പിക്കാമായിരുന്നു. ബാർ ഹോട്ടലുകാരുമായി ഒത്തുകളിക്കുകയാണെങ്കിൽ അന്ന് അതങ്ങ് കൊടുത്താൽ പോരേ; ഞങ്ങൾ

അതല്ല ചെയ്തത്, ഞങ്ങൾ 14 എണ്ണം അനുവദിച്ചു. 9 എണ്ണം അന്നുതന്നെ റിജക്ട് ചെയ്തു. എന്നിട്ട് പഞ്ചായത്തുകൾക്ക് അധികാരം കൊടുത്തു. കൊടുക്കാനാണെങ്കിൽ പഞ്ചായത്തുകൾക്ക് അധികാരം കൊടുക്കണ്ട. സുപ്രീം കോടതിയുടെ വിധി, കേരള ഹൈക്കോടതിയുടെ വിധി 8 ആഴ്ചയ്ക്കുള്ളിൽ കംപ്ലൈ ചെയ്യണമെന്നും 23 എണ്ണത്തിന് ലൈസൻസ് ഇഷ്യൂ ചെയ്യണമെന്നുമായിരുന്നു. ഗവൺമെന്റ് തന്നെ 9 എണ്ണം റിജക്ട് ചെയ്തു. ബാക്കി 14 എണ്ണം ഇഷ്യൂ ചെയ്യേണ്ടി വന്നു. അപ്പോൾ പഞ്ചായത്തുകൾക്ക് അധികാരം കൊടുത്തു. അവിടെ തടയിടാമല്ലോയെന്ന് കരുതി. അങ്ങനെ പഞ്ചായത്തുകൾ കൂടി തീരുമാനിച്ചിട്ടാണ് കൊടുത്തത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സ്റ്റാർ ഹോട്ടലുകൾക്ക് അനുമതി കൊടുക്കാനും ഫോർ സ്റ്റാറിന് കീഴോട്ടുള്ള എല്ലാ ഹോട്ടലുകൾക്കും ലൈസൻസ് കൊടുക്കാതിരിക്കാനുമുള്ള തീരുമാനം മന്ത്രിസഭ/യു.ഡി.എഫ് എടുക്കുമ്പോൾ അതിന് അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശം തേടിയിട്ടുണ്ടോ? അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശം എന്തായിരുന്നു? ഇങ്ങനെയൊരു ആർബിട്രറിയായിട്ടുള്ള തീരുമാനം ഫൈവ് സ്റ്റാറിന് കൊടുത്തുകൊണ്ട് ഇത് നിരോധിച്ചുകൊണ്ടുള്ള തീരുമാനമെടുത്താൽ നിലനിൽക്കുമെന്നുള്ള ഉപദേശം

അഡ്വക്കേറ്റ് ജനറൽ നൽകിയിരുന്നോ?

ശ്രീ. കെ. ബാബു: ഇക്കാര്യം വിശദീകരിച്ചിട്ട് അതിലേക്ക് വരാം, ഞാൻ ഒഴിഞ്ഞുമാറുന്നില്ല. പഞ്ചായത്തുകൾക്ക് അധികാരം കൊടുത്തുകൊണ്ട് ഇതിന് തടയിടുന്നതിന് തീരുമാനിക്കുകയും 23-01-2013-ന് ഒരു വൺമാൻ കമ്മീഷനെ നിയമിക്കുകയും ചെയ്തു. എന്നുമാത്രമല്ല, കമ്മീഷൻ റിപ്പോർട്ട് വരുന്നതുവരെ പുതിയ ബാർ ലൈസൻസുകൾ കൊടുക്കേണ്ടെതില്ലെന്ന് മന്ത്രിസഭായോഗത്തിൽ തീരുമാനമെടുക്കുകയും ചെയ്തു. അങ്ങനെ കേരള ചരിത്രത്തിലാദ്യമായി ഒരുവർഷക്കാലം ബാർ ലൈസൻസ് കൊടുക്കുന്നത് നിറുത്തിവച്ചു. കൊടുക്കണമായിരുന്നെങ്കിൽ ഇത്തരത്തിലുള്ള തടയിടൽ നടത്തേണ്ട കാര്യമില്ലായിരുന്നു. ഒരു കാര്യംകൂടി പറയാം. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് 152 ബാറുകൾക്ക് ലൈസൻസ് കൊടുത്തു. ത്രീ-സ്റ്റാർ ഹോട്ടലിന് മുകളിലുള്ള ഹോട്ടലുകൾക്ക് ലൈസൻസ് കൊടുക്കാമെന്നുള്ളതായിരുന്നു നിങ്ങളുടെ നയം. ഞങ്ങൾ അധികാരത്തിൽ വന്നപ്പോൾ 60 ഹോട്ടലുകൾക്ക് ബാർ ലൈസൻസ് കൊടുത്തു. അതിൽത്തന്നെ 38 എണ്ണത്തിന് ലൈസൻസ് കൊടുത്തത് കോടതിയുടെ നിർദ്ദേശപ്രകാരമാണ്. കോടതി പറഞ്ഞയുടനെ ലൈസൻസ്

കൊടുക്കുകയല്ല ചെയ്തത്, ഞങ്ങൾ വെയ്റ്റ് ചെയ്തു. സെക്രട്ടറിയുടെ പേരിൽ contempt വന്ന് സെക്രട്ടറിയോട് കോടതിയിൽ ഹാജരാകാൻ പറഞ്ഞ സന്ദർഭത്തിൽ മാത്രമാണ് നിർവ്വാഹമില്ലാതെ 38 എണ്ണത്തിന് ലൈസൻസ് കൊടുത്തത്. 60 എണ്ണത്തിൽ 14 എണ്ണത്തിന്റെ ലൈസൻസ് 05-03-2014-ൽ റദ്ദാക്കി. ഈ ഗവൺമെന്റ് വന്നതിനുശേഷം മൂന്നരവർഷത്തിനുള്ളിൽ ആകെ 66 ബാറുകൾക്ക് മാത്രമേ ലൈസൻസ് കൊടുത്തിട്ടുള്ളൂ. ബാർ ലോബിയുമായി ഒത്തുകളിക്കാനാണെങ്കിൽ അങ്ങനെയൊരു ആവശ്യമില്ലല്ലോ; ഈ കോടതിവിധികളൊക്കെ വരുമ്പോൾ അപ്പീൽ കൊടുക്കുകയും കൂടുതൽ കർക്കശമായ നിയമങ്ങൾ കൊണ്ടുവരികയും ചെയ്യുന്നത് ബാർ ലോബിയുമായി ഒത്തുകളിക്കാൻ വേണ്ടിയാണോ; ഗവൺമെന്റിന് ഇതിന്റെ ആവശ്യമുണ്ടോ? ഞങ്ങൾ അങ്ങനെ ചെയ്തിട്ടില്ല. മറ്റൊരു കാര്യം, 10 ഹോട്ടലുകൾക്ക് ലൈസൻസ് കൊടുക്കണമെന്ന് പറഞ്ഞ് ഒരു കോടതി വിധി വന്നു. അപ്പോൾ നിങ്ങൾ ധരിച്ചത് ഈ 10 എണ്ണത്തിനും ലൈസൻസ് കൊടുത്തുവെന്നാണല്ലോ; എന്നാൽ ഞങ്ങൾ ചെയ്തത്, അവയിൽ ത്രീസ്റ്റാർ ആയിരുന്ന 9 എണ്ണവും റിജക്ട് ചെയ്തു. ഒരെണ്ണം ഫോർ സ്റ്റാർ ഹോട്ടലാണ്, ഞാൻ ആ ഫയലും റദ്ദ് ചെയ്തുകഴിഞ്ഞു. അതുസംബന്ധിച്ച് ഗവൺമെന്റ് ഇന്ന് ഉത്തരവിറക്കും. കോടതിവിധിയുടെ മറവിൽ ബാർ

ഹോട്ടലുകളുമായി ഒത്തുകളിച്ച് ബാർ ലൈസൻസ് കൊടുക്കാനാണെങ്കിൽ 10 എണ്ണത്തിന് നൽകണമെന്ന് കോടതി നിർദ്ദേശം വന്നപ്പോൾ 9 എണ്ണവും ഞാൻ തന്നെ റദ്ദ് ചെയ്യുമായിരുന്നോ? കോടതിവിധി നടപ്പാക്കില്ല എന്ന പിടിവാശി സർക്കാരിനില്ല. കോടതിയെ വെല്ലുവിളിക്കുക എന്നത് സാധ്യമല്ല. ജനാധിപത്യപരമായ രീതിയിൽ പ്രവർത്തിക്കുന്ന ഒരു ഗവൺമെന്റിന് കോടതിവിധി മാനിക്കേണ്ടി വരും. വിധിയുമായി ബന്ധപ്പെട്ട് കോടതിയിൽ ഒരു അപ്പീൽ ഉണ്ടായിരുന്നതുകൊണ്ട് ഇത് റിജക്ട് ചെയ്യാനുള്ള നിയമോപദേശം ലഭിക്കുകയും റിജക്ട് ചെയ്യുകയും ചെയ്തു. 22 ബാർ ഹോട്ടലുകൾക്ക് ലൈസൻസ് കൊടുക്കാനുള്ള നിർദ്ദേശം കോടതി ഇന്നലെ പുറപ്പെടുവിച്ചിട്ടുണ്ട്. പക്ഷെ, ഉടനെ തന്നെ കൊടുക്കണമെന്ന് കോടതി നിർദ്ദേശിച്ചിട്ടില്ല. ജഡ്ജ്മെന്റ് കിട്ടി രണ്ടുമാസത്തിനുള്ളിൽ പരിഗണിക്കാനാണ് പറഞ്ഞിട്ടുള്ളത്. അപ്പോൾ ധൃതിവച്ച് ലൈസൻസ് കൊടുക്കേണ്ട കാര്യമില്ല. 30-10-2014-ലെ ഒരു വിധിയുടെ അടിസ്ഥാനത്തിൽ ത്രീസ്റ്റാർമുതൽ താഴോട്ടുള്ള എല്ലാ ബാറുകൾക്കും പ്രവർത്തനാനുമതി നിഷേധിക്കുകയും എന്നാൽ ഫോർസ്റ്റാർ, ഹെറിറ്റേജ് ക്ലാസിഫിക്കേഷൻ എന്നിവയുള്ള ഹോട്ടലുകൾക്ക് അനുമതി നൽകുകയും ചെയ്തു. സിംഗിൾ ബെഞ്ച് ജഡ്ജിയുടെ പ്രസ്തുത വിധിക്കെതിരെ ബാറുടമകളും സർക്കാരും

ഫയൽ ചെയ്ത അപ്പീലുകളിന്മേൽ ജസ്റ്റിസ് കെ.ടി. ശങ്കരൻ, ജസ്റ്റിസ് പി.ഡി. രാജൻ എന്നിവരടങ്ങിയ ഡിവിഷൻ ബഞ്ച് മുമ്പാകെ ഇന്ന് വാദം വച്ചിട്ടുണ്ട്. അതാണ് ഞാൻ തുടക്കത്തിൽ പറഞ്ഞത്. ഈ കേസ് ഇന്ന് കോടതിയുടെ മുമ്പാകെ വന്നിരിക്കുകയാണ്. കോടതിവിധി മറയാക്കി ബാറുടമകളുമായി ഒത്തുകളിച്ച് എടുത്തുചാടി ബാർ ലൈസൻസ് കൊടുക്കുക എന്നത് ഈ ഗവൺമെന്റിന്റെ നയമല്ല. ഇക്കാര്യത്തിൽ കോടതിയുടെ അന്തിമ തീരുമാനം ആയിട്ടില്ല. അന്തിമ തീരുമാനം വരുന്നതുവരെ ഒരാശങ്കയുടെയും ആവശ്യമില്ല. ഇത്തരമൊരു സന്ദർഭത്തിൽ ഗവൺമെന്റ് ഒത്തുകളിച്ചു, കേസ്സിൽ വീഴ്ച വരുത്തി എന്നുപറയുന്ന ആരോപണം അടിസ്ഥാനരഹിതമാണ്. മറ്റൊരു കാര്യം, ഡോ. തോമസ് ഐസക്കിന്റെ പ്രസംഗത്തിൽ 418 ഹോട്ടലുകളുമായി ധാരണയുണ്ടാക്കിയെന്ന് പറഞ്ഞല്ലോ; ഡോ. തോമസ് ഐസക് മന്ത്രിയായിരിക്കുന്ന കാലഘട്ടത്തിലാണ് ഈ 418 ഹോട്ടലുകളെ റെഗുലറൈസ് ചെയ്തത്. 2007-ലും 2010-ലും 418 ഹോട്ടലുകളുടെ ബാർ ലൈസൻസ് റെഗുലറൈസ് ചെയ്ത സർക്കാരിന്റെ നടപടിയെ സി.ആന്റ് എ.ജി.യുടെ റിപ്പോർട്ടിൽ വിമർശിച്ചിട്ടുണ്ട്. അത് ചെയ്തത് ഐക്യജനാധിപത്യമുന്നണി ഗവൺമെന്റല്ല, എൽ.ഡി.എഫ്. ഗവൺമെന്റാണ്.

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, 1957 മുതൽ പ്രവർത്തിച്ചുവരുന്ന

പ്രസ്തുത ഹോട്ടലുകൾക്ക് മാറിമാറിവന്ന സർക്കാരുകൾ ഓരോ വർഷവും ലൈസൻസ് പുതുക്കി കൊടുത്തിരുന്നു. അതിനായി വരുന്ന സമ്മർദ്ദങ്ങളും തീരുമാനങ്ങളുമെല്ലാം കണ്ടിട്ട്, ഇനി മുതൽ ഓരോ വർഷവും പുതുക്കേണ്ടതില്ല, 1957 മുതൽ പ്രവർത്തിച്ചുവരുന്നവയുടെയെല്ലാം ലൈസൻസുകൾ റെഗുലറൈസ് ചെയ്യുകയാണ്, ഒരാൾക്കും നിഷേധിച്ചിട്ടില്ല, പുതിയതായി ത്രീസ്റ്റാറിന് മുകളിലുള്ളവയ്ക്ക് മാത്രമേ കൊടുക്കുകയുള്ളൂ എന്ന് അന്നത്തെ എക്സൈസ് വകുപ്പുമന്ത്രി പറഞ്ഞു. ഓരോ വർഷവും ലൈസൻസ് പുതുക്കുമ്പോൾ എന്തൊക്കെയാണ് നടക്കുന്നതെന്നറിയാമല്ലോ. അതുകൊണ്ടാണ് ഇനി ഇങ്ങോട്ട് വരേണ്ട, ഞങ്ങൾ റെഗുലറൈസ് ചെയ്തു വച്ചിരിക്കുന്നുവെന്ന് പറഞ്ഞത്. അല്ലാതെ വേറെന്താണ്? പക്ഷേ 418 ഹോട്ടലുകളെക്കുറിച്ച് സി.ആന്റ്.എ.ജി. റിപ്പോർട്ട് വന്നിട്ടും അതിന്റെമേൽ രണ്ടുവർഷക്കാലം നിങ്ങൾ അടയിരുന്നു.

<u>ശ്രീ. കെ. ബാബു</u>: സർ, 418 ഹോട്ടലിനെക്കുറിച്ച് ഞാൻ പറയാതിരുന്നതാണ്. ബഹുമാനപ്പെട്ട ഡോ. ടി. എം. തോമസ് ഐസക് പരാമർശിച്ചതുകൊണ്ട് ഞാൻ പറഞ്ഞതാണ്. ശ്രീ. പി.കെ. ഗുരുദാസനായിരുന്നു അന്ന് എക്സൈസ് വകുപ്പ് കൈകാര്യം ചെയ്തിരുന്നത്. 418 ഹോട്ടലുകളുടെ ലൈസൻസ് റെഗുലറൈസ് ചെയ്തത് ഞങ്ങളല്ല, നിങ്ങളാണ്. സി.ആന്റ് എ.ജി. റിപ്പോർട്ട് ഉണ്ടായിട്ടും ഞങ്ങളത്

പുതുക്കിക്കൊടുത്തുവെന്ന് ഡോ. ടി. എം. തോമസ് ഐസക് പറഞ്ഞു. ഞങ്ങൾ വരുമ്പോൾത്തന്നെ അതിന്റെ എല്ലാ കുഴപ്പങ്ങളും തീർത്ത് നിങ്ങൾ റെഗുലറൈസ് ചെയ്തുകഴിഞ്ഞിരുന്നു, മനസ്സിലായോ?

ശ്രീ. പി. കെ. ഗുരുദാസൻ: സർ, 2011 മാർച്ച് 31 വരെയാണ് സി.ആന്റ്.എ.ജി. പരിശോധിച്ചത്. സി.ആന്റ് എ.ജി. പരിശോധിച്ചതിനുശേഷം അതിന്റെ പ്രാഥമിക റിപ്പോർട്ട് 2011 നവംബർ മാസത്തിൽ തന്നു. " After we pointed out the matter the Government stated in November 2011 that, there are certain Bar Hotels functioning with the standard below Two Star classifications. As these Hotels were functioning for long period, they were regularized based on Abkari Policy 2007-08." നിങ്ങളുടെ ഗവൺമെന്റിന്റെ റിമാർക്കാണിത്.

ശ്രീ. കെ. ബാബു: സർ, ഞാൻ ചോദിക്കട്ടെ, 418 ഹോട്ടലുകൾ റെഗുലറൈസ് ചെയ്തതാരാണ്; എൽ.ഡി.എഫ്. ആണോ; യു.ഡി.എഫ്. ആണോ? അങ്ങ് പറയൂ.... (ബഹളം).......

ശ്രീ. പി. കെ. ഗുരുദാസൻ: സർ, 2011 നവംബറിലെ ഗവൺമെന്റ് റിമാർക്ക് ആണ് ഞാൻ വായിച്ചത്.

ശ്രീ. കെ. ബാബു: സർ, അന്നത്തെ എക്സൈസ് വകുപ്പുമന്ത്രിയെ ഞാൻ

കുറ്റപ്പെടുത്തുന്നില്ല. പക്ഷേ 2007-08 -ലെ പോളിസി അനുസരിച്ച് റെഗുലറൈസ് ചെയ്തത് നിങ്ങളുടെ ഗവൺമെന്റാണ്, അല്ലെങ്കിൽ പറയണം. ബഹുമാനപ്പെട്ട മുൻ എക്സൈസ് വകുപ്പുമന്ത്രി ശ്രീ. പി.കെ. ഗുരുദാസനോട് ഞാൻ ചോദിക്കുകയാണ്, ഇത് റെഗുലറൈസ് ചെയ്തത് നിങ്ങളാണോ; ഞങ്ങളാണോ? .....(ബഹളം)......

ഡോ. ടി.എം. തോമസ് ഐസക്: സർ, ഞാൻ പറഞ്ഞല്ലോ, 1957 മുതൽ മാറിമാറിവരുന്ന സർക്കാരുകൾ ഓരോ വർഷവും പുതുക്കി നൽകിയിരുന്നു. അതിനുവേണ്ടി ചെല്ലുമ്പോൾ മുമ്പ് നിങ്ങൾ ഭരിച്ചിരുന്നപ്പോഴൊക്കെ എന്തു നടന്നിരുവെന്ന് ഞങ്ങൾക്കറിയാം. അതുകൊണ്ട് ഞങ്ങൾ പറഞ്ഞു, ഞങ്ങളുടെ അടുത്ത് ഓരോ വർഷവും വരേണ്ട, ഞങ്ങൾ ലൈസൻസ് റെഗുലറൈസ് ചെയ്തിട്ടുണ്ട്, നിങ്ങൾക്ക് ഹോട്ടൽ നടത്തണമെങ്കിൽ നടത്തിക്കൊണ്ടു പൊയ്ക്കോളൂ. പണം വേണ്ടെന്ന് പറഞ്ഞു.

ശ്രീ. കെ. ബാബു: സർ, നമുക്ക് അങ്ങോട്ടുമിങ്ങോട്ടും കാര്യങ്ങൾ അറിയാമല്ലോ; അതുകൊണ്ട് പറഞ്ഞതാണ്. ഞങ്ങൾ ബാർ ഹോട്ടലുകളുമായി സെറ്റിൽമെന്റായിരിക്കുകയാണെന്നും ബിയർ, വൈൻ പാർലറുകൾ കൊടുക്കാൻ പോകുകയാണെന്നും ഡോ. ടി.എം. തോമസ് ഐസക് പറഞ്ഞു. ബിയർ, വൈൻ പാർലറുകളുടെ കാര്യത്തിൽ യു.ഡി.എഫ്.-നെ സംബന്ധിച്ചിടത്തോളം ഫൈനൽ

തീരുമാനം ആയിട്ടില്ല. ബിയർ, വൈൻ പാർലറുകൾ അനുവദിക്കുന്നത് സംബന്ധിച്ച് നിങ്ങൾക്ക് മറിച്ചൊരഭിപ്രായമുണ്ടെങ്കിൽ പറയാം.....(ബഹളം).....

ഡോ. ടി.എം. തോമസ് ഐസക്: ....(ബഹളം)..... ഞങ്ങളുടെ നയം ഞങ്ങൾ പറഞ്ഞുകൊള്ളാം. നിങ്ങൾ ഇപ്പോൾ ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്, 418 ഹോട്ടലുകളുടെ കാര്യത്തിൽ വിലപേശൽ നടക്കുകയാണ്.

ശ്രീ. കെ. ബാബു: സർ, നയം പ്രഖ്യാപിച്ചാൽ മാത്രം പോരാ, റൂൾസ് കൂടി കൊണ്ടുവരണമെന്ന് ഡോ. ടി. എം. തോമസ് ഐസക് നേരത്തെ പരാമർശിച്ചതുപോലെ, യു.ഡി.എഫ്. യോഗത്തിൽ തീരുമാനിച്ച നയത്തിന്റെ അടിസ്ഥാനത്തിൽ റൂൾസ് കൊണ്ടുവന്നു. ഞങ്ങൾ മദ്യനയം പ്രഖ്യാപിച്ചപ്പോഴും റൂൾസ് കൊണ്ടുവന്നപ്പോഴും ബാർ ഹോട്ടലുകളെ സംബന്ധിച്ച് തീരുമാനം എടുത്തു. എന്നാൽ ബിയർ-വൈൻ പാർലറുകളുടെ കാര്യം ഓപ്പൺ ആണ്. അത് യു.ഡി.എഫ്. യോഗം തീരുമാനമെടുക്കാതെ മാറ്റിവച്ചിരിക്കുകയാണ്. ബിയർ/വൈൻ പാർലറുകൾ കൊടുക്കുന്നത് സംബന്ധിച്ച് പ്രതിപക്ഷമെന്ന നിലയിൽ നിങ്ങളുടെ അഭിപ്രായം എന്താണ്; പറഞ്ഞാൽ ഞങ്ങൾ അത് ഉൾക്കൊള്ളാം.

ഡോ. ടി. എം. തോമസ് ഐസക്: സർ, സമ്പൂർണ്ണ

മദ്യനിരോധനത്തിനുവേണ്ടി അഹോരാത്രം പണിയെടുത്ത് മുന്നേറിക്കൊണ്ടിരിക്കുന്ന നിങ്ങൾ 418 ബാർ ഹോട്ടലുകളും ബിയർ/വൈൻ പാർലറുകൾ ആക്കുന്നതിനുവേണ്ടി ബാർ ഉടമകളുമായി നടത്തുന്ന വിലപേശലിനെക്കുറിച്ചാണ് ഇപ്പോൾ പറയേണ്ടത്. ഞങ്ങളുടെ അഭിപ്രായം പറയേണ്ടിടത്ത് പറഞ്ഞോളാം.

ശ്രീ. കെ. ബാബു: സർ, ബിയർ/വൈൻ പാർലർ സംബന്ധിച്ച് യു.ഡി.എഫ്. അവസാന തീരുമാനം എടുത്തിട്ടില്ല. ഞാൻ കഴിഞ്ഞ ദിവസം ചോദ്യോത്തരവേളയിൽ ജസ്റ്റിസ് ഉദയഭാനുവിനെ ക്വാട്ട് ചെയ്ത് സംസാരിച്ചിരുന്നു. ഞങ്ങളുടെ മദ്യനയത്തെ ജസ്റ്റിസ് ഉദയഭാനു കമ്മീഷൻ റിപ്പോർട്ട് കാര്യമായി സ്വാധീനിച്ചിട്ടുണ്ട്. ഞങ്ങൾ അധികാരത്തിൽ വന്ന 2011-ൽ മദ്യ ഉപഭോഗത്തിലുള്ള വർദ്ധനവ് 16 ശതമാനമായിരുന്നത് ഞങ്ങളുടെ മദ്യനയത്തിന്റെ ഫലമായി ഇപ്പോൾ ആറ് ശതമാനമായി കുറഞ്ഞു. ഞങ്ങളുടെ നയത്തിന് ഗുണമുണ്ടായി. മദ്യത്തിന്റെ ലഭ്യത കുറച്ചുകൊണ്ടുവരിക എന്നതാണ് ഞങ്ങളുടെ നയം. വീര്യം കൂടിയ മദ്യത്തിന്റെ ലഭ്യത കുറച്ചുകൊണ്ടുവരിക എന്നതാണ് ആദ്യം ചെയ്തത്. ഡോ. ടി. എം. തോമസ് ഐസക് ആരോപിച്ചതുപോലെ ബാർ ഹോട്ടൽ ഉടമകളുമായി ഈ ഗവൺമെന്റ് ഒരു ഘട്ടത്തിലും ഒരു കോംപ്രമൈസും ഉണ്ടാക്കിയിട്ടില്ല. കോടതി വിധി മറയാക്കി ബാർ ലൈസൻസ് കൊടുക്കാനല്ല ഗവൺമെന്റ് തീരുമാനിച്ചത്, കൊടുക്കാതിരിക്കാനുള്ള

നിയമ സാദ്ധ്യതകളാണ് പരിശോധിച്ചത്. 27-07-2012-ൽ കേരള ഹൈക്കോടതിയുടെ വിധി വന്നപ്പോൾ അതിനെതിരെ സുപ്രീംകോടതിയിൽ എസ്.എൽ.പി. ഫയൽ ചെയ്യുകയും ഗവൺമെന്റ് ആ കേസിൽ ഭാഗികമായി വിജയിക്കുകയും ചെയ്തു. ഈ കേസ് കേരള ഹൈക്കോടതിയിലെ ഡിവിഷൻ ബെഞ്ച് ഇന്ന് കേൾക്കുകയാണ്. ഡിവിഷൻ ബെഞ്ച് ഗവൺമെന്റിന്റെ നയം അംഗീകരിച്ചില്ലെങ്കിൽ സുപ്രീംകോടതിയിൽ അപ്പീൽ പോകും. ജുഡീഷ്യൽ ഫൈനാലിറ്റി ഉണ്ടാകാത്ത ഒരു കാര്യത്തിൽ ഇത്ര വലിയൊരാശങ്ക പ്രകടിപ്പിക്കേണ്ട കാര്യമില്ല. ശ്രീ. ബിജു രമേശിന്റെ വെളിപ്പെടുത്തലിനെക്കുറിച്ച് ഇവിടെ പറഞ്ഞു. ഇരുപത് കോടിയിൽ ബാക്കി എവിടെപ്പോയി എന്നാണ് ഡോ. ടി. എം. തോമസ് ഐസക് ചോദിച്ചത്. ഇവിടെ ഉണ്ടായിട്ടുള്ള ആരോപണങ്ങളെ സംബന്ധിച്ച് ഞങ്ങൾ രാഷ്ട്രീയമായും നിയമപരമായും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആരെങ്കിലും എവിടെയെങ്കിലും എന്തെങ്കിലും വെളിപ്പെടുത്തിയെന്ന് പറയുന്നതല്ലാതെ തെളിവിന്റെ ഒരു കണികപോലും കൊണ്ടുവരാൻ അവർക്ക് സാധിച്ചിട്ടില്ല.

ഡോ. ടി. എം. തോമസ് ഐസക്: സർ, ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയുടെ കീഴിലുള്ള വിജിലൻസിന്റെ കോടതിയിൽ സമർപ്പിച്ച അന്വേഷണ റിപ്പോർട്ട് വായിച്ചപ്പോഴാണ് എനിക്കത് പൂർണ്ണബോധ്യം വന്നത്. പത്ത് പേജുള്ള

റിപ്പോർട്ടിൽ ഒൻപത് പേജും എന്തുകൊണ്ടും നിങ്ങൾക്ക് 45 ദിവസമെടുക്കാമെന്നുള്ളതിന്റെ ന്യായവാദങ്ങളാണ്. ബാക്കിയുള്ള ഒരു പേജിൽ ആകെ ഒരു സെന്റൻസാണ് നിങ്ങൾ എന്തുചെയ്യുവെന്ന് പറയുന്നത്. ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയോട് ഇന്നലെ ഞങ്ങൾ ചോദിച്ച ചോദ്യം വീണ്ടും ചോദിക്കുകയാണ്, ഏതെങ്കിലും ഒരു മന്ത്രിയെ കൈക്കൂലി മേടിച്ചെന്ന് പറഞ്ഞ് പ്രതിചേർക്കേണ്ടതില്ല, പല മന്ത്രിമാർക്കും കൈക്കൂലി കൊടുത്തെന്ന് പറയുന്നതിന്റെ അടിസ്ഥാനത്തിൽ അവരുടെ പേരിൽ ഒരു എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്ത് സമൻസ് അയച്ചുകൂടെ? അല്ലാതെ അവരെ വെറുതെ വിട്ടിട്ട് അവരോട് വില പേശിക്കൊണ്ടിരിക്കുകയാണ് നിങ്ങൾ ചെയ്യുന്നത്. അതാണ് ശ്രീ. ബിജു രമേശ് പറഞ്ഞത്.

ശ്രീ. കെ. ബാബു: സർ, ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ കഴിഞ്ഞ ദിവസം ഇവിടെ ഒരു സി.ഡി. കൊണ്ടുവരികയുണ്ടായി. ചട്ടപ്രകാരം അത് സഭയുടെ മേശപ്പുറത്ത് വയ്ക്കാൻ സാധിച്ചില്ല. മീഡിയക്കാരെ വിളിച്ചുകൂട്ടി അതവരുടെ മുന്നിൽ വയ്ക്കുവാൻ കഴിയുമായിരുന്നല്ലോ; എന്താണ് വയ്ക്കാത്തത്?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ ബഹുമാനപ്പെട്ട സ്പീക്കർക്ക് അതിനുള്ള അനുമതിക്കായി എഴുതിക്കൊടുത്തിട്ടുണ്ട്. സ്പീക്കർ അനുമതി തന്നാൽ

ഇവിടെ വയ്ക്കും, യാതൊരു സംശയവുമില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ഇന്ന് അതിന്റെ റൂളിംഗ് തരുന്നുണ്ട്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, എവിഡൻസ് ആക്ട് അനുസരിച്ച് ഇലക്ട്രോണിക് മീഡിയയെ തെളിവായി സ്വീകരിക്കാമെന്നതുകൊണ്ട് അതിന്റെ അടിസ്ഥാനത്തിൽ ഒരു കേസ് രജിസ്റ്റർ ചെയ്യാൻ നിങ്ങൾ തയ്യാറുണ്ടോ?

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട ശ്രീ. കോടിയേരി ബാലകൃഷ്ണൻ സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിനുള്ള അനുമതിക്കായി ഇന്നലെ എനിക്ക് എഴുതിത്തന്നു. ഇന്ന് അടിയന്തര പ്രമേയത്തിനുശേഷം അക്കാര്യത്തിൽ റൂളിംഗ് തരുന്നുണ്ട്.

ശ്രീ. കെ. ബാബു: സർ, ചട്ടപ്രകാരം ഇവിടെ വയ്ക്കാൻ സാധിച്ചില്ലെങ്കിലും അത് മീഡിയയുടെ മുമ്പിൽ വയ്ക്കാമായിരുന്നല്ലോ; എന്തിനാണ് തിരിച്ചുകൊണ്ടുപോയത്? ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരു മെസേജ് കൊടുത്തുവെന്ന് അങ്ങിവിടെ പറഞ്ഞു. ഈ മുഖ്യമന്ത്രിയുടെ നേതൃത്വത്തിലാണ് ഞങ്ങൾ മദ്യനയം ആവിഷ്കരിച്ചതും ബാർ ഹോട്ടലുകൾ അടച്ചുപൂട്ടാൻ തീരുമാനിച്ചതുമെന്ന് ശ്രീ. തോമസ് ഐസക് മനസ്സിലാക്കണം. അതുകൊണ്ടുതന്നെ, എസ്.എൽ.ബി.സി.ക്ക് മുഖ്യമന്ത്രി ഒരു നിവേദനം എൻഡോഴ്സ് ചെയ്ത് കൊടുത്തുവിട്ടെന്നും കോടതിക്ക് ഒരു മെസേജ്

കൊടുത്തുവെന്നും പറഞ്ഞാൽ ആരാണ് വിശ്വസിക്കുന്നത്? ഞങ്ങൾ ഭരണത്തിൽ വരുമ്പോൾ നിങ്ങൾ ത്രീ-സ്റ്റാർ മുതൽ മുകളിലേയ്ക്കുള്ള ഹോട്ടലുകൾക്ക് ലൈസൻസ് കൊടുക്കുന്നുണ്ടായിരുന്നു. ഞങ്ങൾക്കും അത് തുടർന്നാൽ മതിയായിരുന്നല്ലോ.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, കോടതിയിൽ നിലനിൽക്കാത്ത ഒരു തീരുമാനം സർക്കാർ എങ്ങനെ എടുത്തുവെന്നതാണ് ഞങ്ങളുടെ ചോദ്യം. അഡ്വക്കേറ്റ് ജനറൽ നിങ്ങൾക്ക് നിയമോപദേശം നൽകിയിട്ടുണ്ടോ; ഫൈവ് സ്റ്റാർ ഹോട്ടലുകൾക്ക് കൊടുക്കാം ഫോർ സ്റ്റാർ വരെയുള്ളവയ്ക്ക് കൊടുക്കേണ്ടതില്ലെന്ന നിയമോപദേശം കിട്ടിയിട്ടാണെങ്കിൽ അത് എന്തുകൊണ്ടാണ് ഹൈക്കോടതിയിൽ സ്ഥാപിക്കാൻ അഡ്വക്കേറ്റ് ജനറലിന് കഴിയാത്തത്; ഫൈവ് സ്റ്റാറിന് കൊടുത്തതുകൊണ്ടല്ലേ ഫോർ സ്റ്റാറിനും കൊടുക്കണമെന്ന് ഇവിടെ പറയാൻ ഇടവരുത്തിയിട്ടുള്ളത്. നിയമപരമായ കാര്യങ്ങൾ നോക്കാതെ ഇങ്ങനെയൊരു തീരുമാനമെടുത്തത് കോടതിയിൽ ചെല്ലുമ്പോൾ തട്ടിപ്പോകട്ടേയെന്ന ബോധപൂർവ്വമായ ഉദ്ദേശത്തോടുകൂടി ചെയ്തതാണെന്ന് ഞങ്ങൾക്ക് സംശയമുണ്ട്. അതുകൊണ്ടാണ് നിങ്ങൾ ഒത്തുകളി നടത്തിയെന്ന് ഞങ്ങൾ പറയുന്നത്.

ശ്രീ. കെ. ബാബു: സർ, ഞങ്ങൾ ആദ്യവർഷം കൊണ്ടുവന്ന നയം കേരള ഹൈക്കോടതി റദ്ദാക്കിയപ്പോൾ സുപ്രീംകോടതിയിൽ നിന്നും

ഞങ്ങൾക്കനുകൂലമായി വിധി സമ്പാദിച്ചില്ലേ; ഞങ്ങളുടെ വിശ്വാസം, ഫൈവ് സ്റ്റാർ ഒഴികെയുള്ള ബാർ ഹോട്ടലുകൾക്ക് ലൈസൻസ് നിഷേധിക്കാൻ ഗവൺമെന്റിന് സ്വാതന്ത്ര്യമുണ്ടെന്നാണ്. അങ്ങനെയൊരു നയം ആവിഷ്കരിക്കാൻ ഗവൺമെന്റിന് അധികാരമുണ്ടെന്ന ഉത്തമ വിശ്വാസത്തിലാണ് ഈ നയം തീരുമാനിച്ചിട്ടുള്ളത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, നേരത്തെ ഒരു ഹോട്ടലിന് ഫൈവ് സ്റ്റാർ, ഫോർ സ്റ്റാർ പദവി കിട്ടണമെങ്കിൽ അവിടെ ബാർ വേണമെന്നായിരുന്നു. ഇപ്പോഴത്തെ കേന്ദ്ര ഗവൺമെന്റിന്റെ നോംസനുസരിച്ചുകൊണ്ട് സ്റ്റാർ പദവി കിട്ടാൻ ബാർ ആവശ്യമില്ല. കേന്ദ്ര ഗവൺമെന്റിന്റെ ഈ പുതിയ തീരുമാനത്തിന്റെകൂടി അടിസ്ഥാനത്തിൽ നിങ്ങളുടെ തീരുമാനം സുപ്രീംകോടതിവരെ സ്ഥാപിക്കാൻ നിങ്ങൾക്കെങ്ങനെ കഴിയും? അതിനുള്ള നിയമോപദേശം നിങ്ങൾക്ക് കിട്ടിയിട്ടുണ്ടോയെന്നാണ് എനിക്ക് അറിയേണ്ടത്.

ശ്രീ. കെ. ബാബു: സർ, ഞങ്ങൾ നയം ആവിഷ്കരിക്കുമ്പോൾ കേന്ദ്രഗവൺമെന്റിന്റെ ഇപ്പോഴത്തെ തീരുമാനം വന്നിട്ടില്ല. ഫൈവ് സ്റ്റാർ ഹോട്ടൽ ലൈസൻസിന് ബാർ വേണമെന്നുള്ളതായിരുന്നു കേന്ദ്ര ഗവൺമെന്റിന്റെ അപ്പോഴത്തെ നയം. കേന്ദ്ര ഗവൺമെന്റിന്റെ നയത്തിനനുസരിച്ച് ടൂറിസം വ്യവസായത്തെ ബാധിക്കാത്ത വിധത്തിലാണ് ഫൈവ് സ്റ്റാർ ഹോട്ടലുകൾക്ക്

ലൈസൻസ് കൊടുക്കാൻ തീരുമാനിച്ചത്. മറ്റൊരുകാര്യം ചൂണ്ടിക്കാണിക്കാനുദ്ദേശിക്കുന്നത്, ഫൈവ് സ്റ്റാർ ഹോട്ടലിൽനിന്ന് ഒരു പെഗ്ഗ് മദ്യം കഴിക്കണമെങ്കിൽ മുന്നൂറ് രൂപ മുതൽ മുകളിലേയ്ക്കാണ് ചാർജ്ജ്. അതേസമയത്ത് ഒരു ടൂ-സ്റ്റാർ ഹോട്ടലിൽ നിന്നോ ത്രീ-സ്റ്റാർ ഹോട്ടലിൽ നിന്നോആണെങ്കിൽ അത് അറുപത് രൂപയിലോ നൂറ് രൂപയിലോ ഒതുങ്ങും. സാധാരണക്കാരനെ അത് ബാധിക്കുന്ന പ്രശ്നമില്ല.

ഡോ. ടി. എം. തോമസ് ഐസക്: സർ, ഫോർ സ്റ്റാർ ഹോട്ടലുകൾക്ക് ലൈസൻസ് പുതുക്കി നൽകണമെന്ന് കോടതി വിധി വന്നിട്ടുണ്ടല്ലോ?

ശ്രീ. കെ. ബാബു: സർ, ഞാൻ അക്കാര്യം മുമ്പ് പറഞ്ഞുകഴിഞ്ഞതാണ്. കേരള ഹൈക്കോടതിയിലെ സിംഗിൾ ബെഞ്ചിന്റെ വിധി അവസാന തീരുമാനമല്ല. അതിന് ജുഡീഷ്യൽ ഫൈനാലിറ്റി വന്നിട്ടില്ല. ഇന്ന് ഡിവിഷൻ ബെഞ്ചിൽ ആ കേസ് വരികയാണ്. ഇവിടെ അനുകൂലമല്ലെങ്കിൽ സുപ്രീംകോടതിയിൽ പോകും. അതുകൊണ്ട് ഇതൊരു ഫൈനലായിട്ടുള്ള വിധിയല്ല. താൽക്കാലികമായ ഒരു സിംഗിൾ ബെഞ്ച് വിധിയുടെ അടിസ്ഥാനത്തിൽ കേരളത്തിലാകെ തീപിടിക്കാൻ പോകുന്നുവെന്ന നിലയിൽ ചർച്ച നടത്തുന്നത് ഉചിതമല്ല. കേസ് നടത്തുന്നതിൽ യാതൊരു വീഴ്ചയും ഉണ്ടായിട്ടില്ല. നിയമപരമായ ശക്തമായ പോരാട്ടം ഗവൺമെന്റ്

നടത്തും, ഗവൺമെന്റ് നയം അംഗീകരിപ്പിച്ചെടുക്കാൻ വേണ്ടിയുള്ള എല്ലാ ശ്രമങ്ങളും നടത്തും. അതോടൊപ്പംതന്നെ ഈ കാര്യത്തിൽ കേരളത്തിന്റെ പ്രായോഗികമായ ചില പ്രശ്നങ്ങൾ വിലയിരുത്തിക്കൊണ്ടാണ് ഗവൺമെന്റ് നയം തീരുമാനിക്കുന്നത്. ആ തീരുമാനവുമായി ഞങ്ങൾ മുന്നോട്ട് പോകുകയും ചെയ്യും. അതുകൊണ്ട് ഇത് സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട കാര്യമില്ല.

മുഖ്യമന്ത്രി (ശ്രീ ഉമ്മൻചാണ്ടി): സർ, ഫൈവ് സ്റ്റാർ ഹോട്ടലുകൾക്കുമാത്രം ബാർ ലൈസൻസ് കൊടുക്കാനുള്ള തീരുമാനത്തിന്റെ നിയമസാധുതയെക്കുറിച്ച് ശ്രീ. കോടിയേരി ബാലകൃഷ്ണൻ ചോദിച്ചു. സ്റ്റാർ ഹോട്ടലുകൾക്ക് നിയന്ത്രണം ഏർപ്പെടുത്തുന്നതും ഗവൺമെന്റ് പുതിയതായി പ്രഖ്യാപിച്ച മദ്യനയവും ഒന്നാണെന്നുള്ള ധാരണയിലാണ് ഇവിടെ നടന്ന ചർച്ചകൾ വന്നിരിക്കുന്നത്. ഇത് രണ്ടും രണ്ടാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നയുടൻ തെരഞ്ഞെടുപ്പ് പ്രകടനപത്രികയിൽ പറഞ്ഞ വാഗ്ദാനത്തിന്റെ അടിസ്ഥാനത്തിൽ മദ്യനയം സംബന്ധിച്ച് പ്രധാനപ്പെട്ട ചില തീരുമാനങ്ങൾ എടുത്തു. അതിന്റെ ഭാഗമാണ് ത്രീ സ്റ്റാർ ഹോട്ടലുകൾക്ക് 31-03-2012 വരെയും ഫോർ സ്റ്റാർ ഹോട്ടലുകൾക്ക് 31-03-2013 വരെയും മാത്രം ലൈസൻസ് നൽകിയാൽ മതിയെന്നുള്ളത്.

ഇപ്പോഴത്തെ മദ്യനയവുമായി അത് ബന്ധപ്പെട്ടിട്ടില്ല. സ്റ്റാർ ഹോട്ടലുകൾ അനുവദിക്കുന്ന കാര്യത്തിൽ നിയന്ത്രണം ഏർപ്പെടുത്തി, അടുത്ത അഞ്ച് വർഷത്തിനുള്ളിൽ ബിവറേജസ് കോർപ്പറേഷൻ പുതിയതായി ഒരു ഔട്ട്ലെറ്റ് പോലും സ്ഥാപിക്കില്ല എന്നുള്ള തീരുമാനമെടുത്തു, പുതിയ മദ്യശാലകൾ വരുന്നത് സംബന്ധിച്ച് തീരുമാനിക്കാനുള്ള അധികാരം പഞ്ചായത്തുകൾക്ക് കൊടുത്തു, ബാറുകളുടെയും മറ്റും പ്രവൃത്തി സമയം കുറച്ചു. ഇതൊക്കെ 2011-ൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നയുടനെ എടുത്ത തീരുമാനങ്ങളാണ്. അതിന്റെ നിയമസാധുത ഞങ്ങൾ ശരിക്കും പരിശോധിച്ചു. ഇതിന് തൊട്ടുമുമ്പുണ്ടായിരുന്ന ഗവൺമെന്റിന്റെ നയം ടു സ്റ്റാർ ഹോട്ടലുകൾക്കും ബാർ ലൈസൻസ് കൊടുക്കാമെന്നതായിരുന്നു. നമ്മൾ ടു സ്റ്റാറിന് നൽകുന്നത് നിറുത്തി, ത്രീ സ്റ്റാർ മുതൽ മുകളിലേയ്ക്കുള്ളതിന് എന്നാക്കി. പിന്നീട് അതും വേണ്ടെന്നുവച്ചു. ത്രീ സ്റ്റാറും ഫോർ സ്റ്റാറും നിയന്ത്രിക്കാൻ തീരുമാനിച്ചു. അപ്പോൾ ഇതിനോടകം അപേക്ഷിച്ചിട്ടുള്ളവർക്ക് ഒരു സമയം കൊടുക്കാൻ തീരുമാനിച്ചു. അല്ലെങ്കിൽ അവർ കേസിനുപോയാൽ ബുദ്ധിമുട്ട് വരും എന്നു പറഞ്ഞതിന്റെ അടിസ്ഥാനത്തിലാണ് ത്രീ സ്റ്റാറിന് 31-03-2012 വരെയും ഫോർ സ്റ്റാറിന് 31-03-2013 വരെയും സമയം നൽകിയത്. ഫൈവ് സ്റ്റാർ ഹോട്ടലുകൾക്ക് മാത്രം ലൈസൻസ് കൊടുക്കാൻ തീരുമാനിച്ചതിന്

കാരണമെന്തെന്ന് ചോദിച്ചാൽ അതിന്മേൽ സ്റ്റേറ്റ് ഗവൺമെന്റിന് ഉത്തരവാദിത്തമൊന്നുമില്ല. ഫൈവ് സ്റ്റാർ ഹോട്ടലുകൾക്ക് സെൻട്രൽ ഗവൺമെന്റാണ് ലൈസൻസ് കൊടുക്കേണ്ടത്. ത്രീസ്റ്റാറിനും ഫോർ സ്റ്റാറിനും സ്റ്റേറ്റ് ഗവൺമെന്റാണ് കൊടുക്കുന്നത്. 2011-ലെ കാര്യമാണ് പറയുന്നത്. സ്റ്റേറ്റ് ഗവൺമെന്റിന് ബാർ ഹോട്ടലുകളുമായി യാതൊരു ബന്ധവും വേണ്ട എന്നുള്ള തീരുമാനമെടുത്തു. ആ തീരുമാനം നിലനിൽക്കുമെന്നതന്നെയാണ് ഇന്നും ഗവൺമെന്റിന്റെ പൂർണ്ണ വിശ്വാസം. ഇക്കാര്യത്തിൽ ഒരു ഒത്തുകളിയുമില്ല. 2011-ൽ ഈ ഗവൺമെന്റ് അധികാരത്തിൽവന്ന അന്നുമുതൽ എടുത്തിട്ടുള്ള നയം തന്നെയാണ് ഇന്നും തുടരുന്നത്. അത് നിലനിൽക്കും. സർക്കാർ അപ്പീൽ പോകും. ഇതിനെ സംബന്ധിച്ചിടത്തോളം ഗവൺമെന്റിന് വ്യക്തമായ ഒരു സമീപനമാണുള്ളത്. ഇത് ആലോചിക്കാതെ എടുത്ത ഒരു തീരുമാനമല്ല, ഇതിനെസംബന്ധിച്ച് പഠിച്ച് ആലോചിച്ചുറച്ച് എടുത്തിട്ടുള്ള തീരുമാനമാണ്. ബഹുമാനപ്പെട്ട ഡോ. ടി. എം. തോമസ് ഐസക് ഞാനയച്ച ഒരു കത്തിനെക്കുറിച്ച് പറഞ്ഞു. എന്റെ കമ്പ്യൂട്ടർ സെല്ലിൽ മുഖ്യമന്ത്രിയുടെ പേരിൽ ഓൾ കേരള ഹൗസ്ബോട്ട് ഓണേഴ്സ് അസോസിയേഷൻ ജനറൽ സെക്രട്ടറി എൻ. ശ്രീകുമാറിന്റെ ഒരു അപേക്ഷ കിട്ടുന്നു. അത് ഞാനെന്താണ് ചെയ്യേണ്ടത്; കത്തിച്ചു കളയണോ?

അത് for Private Secretary, General Manager, Canara Bank - കാനറാ ബാങ്കാണ് കേരളത്തിലെ ലീഡ് ബാങ്ക് - എന്നെഴുതി ഫോർവേഡ് ചെയ്തുകൊടുത്തു. അതുകൊണ്ട്, ശ്രീ. ശ്രീകുമാർ എഴുതിയിട്ടുള്ള എല്ലാ കാര്യങ്ങളും ഞാൻ പ്രൊപ്പോസ് ചെയ്തതായിട്ടാണ് പ്രഖ്യാപിച്ചിരിക്കുന്നത്. മുഖ്യമന്ത്രിക്ക് ദിവസവും ഒരുപാട് നിവേദനങ്ങൾ കിട്ടുന്നുണ്ട്. ഞാൻ ഒരു നിവേദനവും കത്തിച്ചു കളയാറില്ല. അതെല്ലാം എത്തിക്കേണ്ടിടത്തേയ്ക്ക് അയയ്ക്കും. നാളെയും അതുതന്നെ ചെയ്യും. ഈ വർത്തെയെല്ലാം തെറ്റിപ്പോയി, അല്ലെങ്കിൽ അമിതമായ പ്രധാന്യമായിപ്പോയി എന്നു വന്നപ്പോൾ ബാങ്കുകാർ എന്തോ കുഴപ്പം ചെയ്തിട്ടുണ്ടെന്ന രീതിയിൽ ഒരു പത്രത്തിൽ വാർത്ത വന്നു. ബാങ്കുകാർ ഒരു കുഴപ്പവും ചെയ്തിട്ടില്ല. എന്റെ ഓഫീസിൽനിന്ന് അയച്ചത് അവർ അജൻഡയിൽപ്പെടുത്തി. മുഖ്യമന്ത്രിയുടെ ഓഫീസിൽ നിന്നും പ്രൊപ്പോസ് ചെയ്തിട്ടുള്ളതെന്ന് പറഞ്ഞിട്ടാണ് അവരത് അജൻഡയിൽ ചേർത്തിരിക്കുന്നത്. ഒരു നിവേദനം ഫോർവേഡ് ചെയ്തതിന്റെ പേരിൽ ഇങ്ങനെയല്ലാം വാർത്ത വന്നത് ശരിയാണോ എന്നുള്ളത് ആലോചിക്കണം. ഇന്നത്തെ ഈ ചർച്ച വളരെ നന്നായി. ഏതായാലും 418 ബാറുകൾ റെഗുലറൈസ് ചെയ്തത് അവരാണെന്ന് ഡോ. ടി. എം. തോമസ് ഐസക് സമ്മതിച്ചു. അതൊരു തെറ്റാണെന്ന് ഞാൻ പറയുന്നില്ല. അതിനദ്ദേഹം പറഞ്ഞ കാരണം ഞാൻ

നിഷേധിക്കുന്നില്ല. കാരണം 1957 മുതൽ പ്രവർത്തിച്ചുവരുന്ന ബാറുകളുണ്ട്. അവർക്ക് ഓരോ വർഷവും ലൈസൻസ് പുതുക്കുന്നതിനുള്ള ഈ പ്രക്രിയയൊന്നും വേണ്ടെന്ന് വച്ചത് നല്ല ഉദ്ദേശ്യമാണ്, ഞാനതിനെ അംഗീകരിക്കുന്നു. പക്ഷെ, ഞങ്ങളുടെ നേരെ വിരൽ ചൂണ്ടുന്ന അങ്ങയോട് ഞാനൊന്ന് ചോദിച്ചോട്ടെ, റെഗുലറൈസ് ചെയ്യുന്നതിന് യോഗ്യതയില്ലാത്തവയാണ് ഈ 418 ബാറുകൾ എന്നാണ് സി & എ. ജി. കണ്ടെത്തിയിരിക്കുന്നത്. സൗകര്യങ്ങളില്ലാത്തിടത്താണ് ഇത് കൊടുത്തിരിക്കുന്നതെന്നാണ് സി & എ.ജി. കണ്ടെത്തിയിരിക്കുന്നത്. നിങ്ങൾ യോഗ്യത നോക്കാതെയാണ് റെഗുലറൈസ് ചെയ്തുകൊടുത്തിരിക്കുന്നതെന്നുള്ള കാര്യം ഞങ്ങൾ എടുത്തു പറഞ്ഞാൽ ഞങ്ങളെ കുറ്റപ്പെടുത്തരുത്. അതാണ് സത്യം.

ഡോ. ടി. എം. തോമസ് ഐസക്: സർ, പുതിയ ബാറുകൾ അനുവദിക്കുന്നതിന് ഞങ്ങൾ കൃത്യമായ മാനദണ്ഡം വച്ചു, 1957 മുതൽ തുടർന്നുവന്ന ബാറുകൾ റെഗുലറൈസ് ചെയ്തു. ഈ 418 ബാറുകൾക്കും നിലവാരമില്ല എന്ന ഉദയഭാനു കമ്മീഷൻ റിപ്പോർട്ട് ജനുവരി മാസത്തിൽ വന്നതിനെത്തുടർന്നാണ് ഇതിന് സി & എ. ജി.യുടെ ഒബ്ജക്ഷൻ വരുന്നത് വരുന്നത്. അതിനുശേഷമുള്ള സി & എ. ജി.യുടെ റിപ്പോർട്ടിലാണ് ഇക്കാര്യം പറയുന്നത്, അല്ലാതെ 2008-ൽ അല്ല.

ശ്രീ ഉമ്മൻചാണ്ടി: സർ, 2008-ൽ സി & എ. ജി. ഒബ്ജക്ഷൻ

പറഞ്ഞെന്നൊന്നും ഞാൻ പറഞ്ഞില്ല. പക്ഷേ നിങ്ങൾ റെഗുലറൈസ് ചെയ്യുമ്പോൾ ഈ ബാറുകൾക്ക് ഫെസിലിറ്റി ഉണ്ടായിരുന്നോ; ഇല്ലായിരുന്നല്ലോ?

ഡോ. ടി.എം. തോമസ്: സർ, പുതുക്കിക്കൊടുക്കുന്നതിന്റെ പുറകിലുള്ള കഥകളൊന്നും ഞാൻ പറയുന്നില്ല, പുതുക്കി കൊടുക്കുമ്പോൾ ബാറുകളുടെ നിലവാരം നിങ്ങൾ നോക്കിയിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ ഉമ്മൻചാണ്ടി): സർ, ഓരോ വർഷവും ലൈസൻസ് പുതുക്കി ക്കൊടുക്കുന്നതിന്റെ പിന്നിലുള്ള താൽപര്യത്തെക്കുറിച്ച് അങ്ങ് പറയുമ്പോൾ, വർഷന്തോറും പുതുക്കേണ്ടതില്ല, സ്ഥിരമായി നൽകാം എന്ന് പറഞ്ഞപ്പോൾ എന്ത് സംഭവിച്ചു എന്നുള്ളത് ഞാൻ പറയില്ല. എനിക്കറിയില്ലാത്ത ഒരു കാര്യവും ഞാൻ പറയില്ല. പക്ഷെ, നമ്മൾ അങ്ങോട്ടുമിങ്ങോട്ടും കുറ്റപ്പെടുത്തുമ്പോൾ, ചില സത്യങ്ങൾ ഒരിക്കൽ പുറത്തുവരുമെന്നുള്ളത് മറക്കരുത്. റെഗുലറൈസ് ചെയ്ത ഈ 418 ബാറുകൾ യോഗ്യതയില്ലാത്തവയാണെന്ന് സി. & എ. ജി. കണ്ടെത്തിയതിനെത്തുടർന്നാണ് ഇവിടെ പ്രശ്നങ്ങൾ വന്നിരിക്കുന്നത്. കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് മുഖ്യമന്ത്രി മിണ്ടാതിരിക്കുന്നുവെന്ന് ഇവിടെ പറഞ്ഞു. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവേ, അങ്ങയെ പേടിച്ചിട്ടാണ് ഞാൻ മിണ്ടാതിരിക്കുന്നത്. കാരണം ഞാൻ വാ തുറന്നാലുടനെ അങ്ങുപറയും, ഞാൻ കെ. എം. മാണിയെ

സംരക്ഷിച്ചുവെന്ന്. ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി ഒരു യോഗത്തിൽ പങ്കെടുത്തപ്പോൾ - അദ്ദേഹം ആ യോഗത്തിൽ സംസാരിച്ചതുപോലുമില്ല - ആഭ്യന്തര വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും കൂടിചേർന്ന് ശ്രീ. കെ. എം. മാണിയെ സംരക്ഷിക്കാൻ യോഗം പാസ്സാക്കിയെന്ന് നിങ്ങൾ പറഞ്ഞു. കുറ്റം ചെയ്യാത്ത ഒരാളെ ക്രൂശിക്കാൻ ശ്രമിച്ചാൽ എന്ത് വിലകൊടുത്തും അതിനെ ഞങ്ങൾ എതിർക്കും, യാതൊരു സംശയവും വേണ്ട. മദ്യനയത്തിന്റെ ഭാവിയെ സംബന്ധിച്ച് ഇവിടെ ചില പരാമർശങ്ങളൊക്കെയുണ്ടായി. യാഥാർത്ഥ്യങ്ങൾ ഉൾക്കൊണ്ടുകൊണ്ട് മുന്നോട്ടു പോകുന്ന ഗവൺമെന്റാണിത്. ഈ ഗവൺമെന്റിന്റെ മദ്യനയം പ്രഖ്യാപിച്ചപ്പോൾ പെട്ടെന്നെടുത്ത തീരുമാനമാണതെന്നുള്ള ഒരു വിമർശനം വന്നു. ഏതായിരുന്നാലും ഈ മദ്യനയത്തിന്റെ പിന്നിൽ ഒരു അഴിമതിയുണ്ടെന്ന് ആരും പറഞ്ഞില്ല. എല്ലാ കാലഘട്ടങ്ങളിലും ഞങ്ങൾ തുടർന്നുവന്ന നയത്തിന്റെ ഒരു തുടർച്ചയാണിത്. പക്ഷെ, അതുസംബന്ധിച്ച് പലവിധത്തിലുള്ള വിമർശനങ്ങളും ചില പ്രായോഗിക ബുദ്ധിമുട്ടുകളും വന്നിട്ടുണ്ട്. കോടതിയുടെ നിരീക്ഷണം വന്നിട്ടുണ്ട്. ബിവറേജസ് കോർപ്പറേഷന്റെ ഔട്ട് ലെറ്റുകൾ 10% വീതം നിറുത്താൻ സർക്കാർ തീരുമാനിച്ചു. അപ്പോൾ കോടതി പറഞ്ഞത് നാഷണൽ ഹൈവേയുടെ അരികത്തുള്ളതെല്ലാം നിർത്തണമെന്നാണ്. കോടതിയുടെ അഭിപ്രായം ഗവൺമെന്റ് ഗൗരവമായി

കാണുന്നു. ടൂറിസം മേഖലയിലെ പ്രശ്നങ്ങളെ സംബന്ധിച്ചിടത്തോളം ഇവിടെ ഉയർന്നു വന്നിട്ടുള്ള ചില നിർദ്ദേശങ്ങളുണ്ട്. മദ്യനയത്തിന്റെ കാര്യത്തിൽ അടിസ്ഥാനപരമായി ഒരു മാറ്റവും ഉണ്ടാവില്ല, അതിൽനിന്ന് പുറകോട്ടുപോകുന്ന പ്രശ്നമില്ല. പക്ഷെ, അതിനുള്ളിൽനിന്നുകൊണ്ട് ഇന്ന് ഉയർന്നുവന്നിട്ടുള്ള പ്രായോഗികമായി പ്രശ്നങ്ങളും വിമർശനങ്ങളും കണക്കിലെടുത്ത് മുന്നോട്ടുപോകും. തൊഴിലാളികളുടെ പ്രശ്നം വരുന്നുണ്ട്. ചില തൊഴിലാളികൾ ആത്മഹത്യ ചെയ്തു. തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിന് ഞങ്ങൾ തീരുമാനമെടുത്തിട്ടുണ്ട്. അതിനാവശ്യമായ ഫണ്ടിലേയ്ക്ക് ഓരോ ദിവസവും തുക ശേഖരിച്ചുകൊണ്ടിരിക്കുകയാണ്. പക്ഷേ അതിനിടയിലും തൊഴിലാളികൾക്കിടയിൽ വലിയൊരു ആശങ്ക ഉണ്ടായിട്ടുണ്ട്. ഇതെല്ലാം ഉൾക്കൊണ്ടുകൊണ്ട് അടിസ്ഥാനപരമായ കാര്യങ്ങളിൽ മാറ്റങ്ങൾ വരുത്താതെ പ്രായോഗികമായും വിജയകരമായും നടത്തുന്നതിന് ആവശ്യമായിട്ടുള്ള കാര്യങ്ങൾ സ്വീകരിക്കും. ഇതിനോടകം കോടതിയുടെ ചില നിരീക്ഷണങ്ങൾ വന്നിട്ടുണ്ട്. കോടതി വിധി വന്നതിനുശേഷം അതെല്ലാം സംബന്ധിച്ച് വ്യക്തമായ ഒരു തീരുമാനമുണ്ടാകും. അഴിമതി എന്നുപറഞ്ഞ് ഇക്കാര്യത്തിൽ ഒരു പുകമറ സൃഷ്ടിക്കാൻ ശ്രമിച്ചാൽ അത് വിലപ്പോവില്ല. കേരളത്തിന്റെ ജനമനസ്സാക്ഷി ഉയർത്തിപ്പിടിച്ചുകൊണ്ടുള്ള,

ജനങ്ങളോടൊപ്പം നിന്നുകൊണ്ടുള്ള നയമാണ് ഈ സർക്കാരിനുള്ളത്. ആ നയം വിജയിപ്പിക്കുന്നതിന് ആവശ്യമായ നടപടികളുമായി ഗവൺമെന്റ് മുന്നോട്ടു പോവുകതന്നെ ചെയ്യും എന്ന് വ്യക്തമാക്കാനാഗ്രഹിക്കുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി ശ്രീ. കെ. ബാബുവിന്റെയും വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിച്ചിരിക്കുന്നു.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, ഈ മുഖ്യമന്ത്രിയുടേയും വകുപ്പുമന്ത്രിമാരുടേയുമെല്ലാം വിശദീകരണത്തിൻെറ അടിസ്ഥാനത്തിൽ ഇനി സി.ബി.ഐ. അന്വേഷണമോ, വിജിലൻസ് അന്വേഷണമോ ആവശ്യമില്ല. ഇവിടെ വിധി പ്രഖ്യാപിച്ചു കഴിഞ്ഞിരിക്കുകയാണ്. അതുകൊണ്ടാണ് ഞങ്ങൾ ആദ്യം തന്നെ പറഞ്ഞിട്ടുള്ളത് പരാതിക്കാരായിട്ടുള്ള ബാർ ഉടമകൾ, അവരുടെ സംഘടന, അവർക്ക് ഗത്യന്തരമില്ലാതെ വന്ന സന്ദർഭത്തിൽ, ആരെക്കണ്ടാലാണ് പരിഹാരമുണ്ടാകുക എന്ന നിലയിൽ ചിന്തിക്കുകയും, അങ്ങനെ ധനകാര്യ വകുപ്പുമന്ത്രിയെ കാണുകയും, ധനകാര്യ വകുപ്പുമന്ത്രിയും ബാർ ഉടമകളുടെ പ്രതിനിധികളുമായി ഇതു സംബന്ധിച്ച് പരസ്പര

ധാരണയിലെത്തുകയും, അതിന്റെ അടിസ്ഥാനത്തിൽ ധനകാര്യ വകുപ്പുമന്ത്രിക്ക് സഹായകരമായ നിലയിൽ, ധനകാര്യ വകുപ്പുമന്ത്രിയുമായി ഉണ്ടായ സംഭാഷണത്തിൻെറ അടിസ്ഥാനത്തിൽ വേണ്ട കാര്യങ്ങളെല്ലാം അവർ ചെയ്തു. ആ ചെയ്തതിൻെറ ഫലം ക്രമേണ ക്രമേണയാണ് ഉണ്ടാകുന്നത് എന്ന് അവർക്ക് മനസ്സിലായതിന്റെ അടിസ്ഥാനത്തിൽ ധനകാര്യ വകുപ്പുമന്ത്രി ആവശ്യപ്പെട്ടിട്ടുള്ള തുകകളെല്ലാം തന്നെ കൊടുക്കുന്നതിനായി ബാറിലെ ഓരോ ഉടമകളിൽ നിന്നും പണം പിരിച്ച് ധനകാര്യ വകുപ്പുമന്ത്രിയുമായി ഉണ്ടായ ധാരണയുടെ അടിസ്ഥാനത്തിൽ അവർ ഏർപ്പെട്ടു. അത് ഫലപ്രദമാകുന്നില്ല, ഇടയ്ക്ക് ധനകാര്യ വകുപ്പുമന്ത്രി മാറുന്ന എന്ന നില വന്നപ്പോൾ അത് സംബന്ധിച്ച് അവർ പത്രക്കാരോട് പറഞ്ഞു എന്നുള്ളത് ഒരു സത്യമാണ്. അങ്ങനെയാണ് ഇതു സംബന്ധിച്ചുള്ള ഇടപാട് പുറത്ത് വരുന്നത്. ഇപ്പോൾ നിങ്ങളുടെ ഓരോ നടപടിയും മൂലം............

ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, പച്ചക്കള്ളമാണ് ഈ പറയുന്നത്.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇത് ഞങ്ങൾ ഗണിതംവെച്ച് കണ്ടുപിടിച്ചതൊന്നുമല്ല. ഇത് സംബന്ധിച്ച് നിങ്ങളും ബാറുകാരുമായിട്ടുള്ള ചർച്ചകളും അതിൻെറ അടിസ്ഥാനത്തിലുള്ള നടപടികളും

എങ്ങനെയുണ്ടായി എന്നതിന് ഞങ്ങളെത്തുന്ന നിഗമനമാണ്. അത് സ്വാഭാവികമായിട്ടും ഈ ബാറിൻെറ ഉടമകൾ പറഞ്ഞിട്ടുള്ളത് അവിശ്വസിക്കേണ്ട യാതൊരു കാര്യവുമില്ല. അത് തന്നെയാണ് വസ്തുത. ആ നിലയിൽ യഥാർത്ഥത്തിൽ സംഭവിച്ചിട്ടുള്ള കാര്യങ്ങൾ നിങ്ങളുടെ ഇതുസംബന്ധിച്ചുള്ള നയ സമീപനങ്ങളുടെ ഫലമായി ഉണ്ടായിട്ടുള്ളതാണെന്ന് വ്യക്തമാണ്. ബഹുമാനപ്പെട്ട എൻെറ സ്നേഹിതൻ മുഖ്യമന്ത്രി പറഞ്ഞുവല്ലോ, ഇതെല്ലാം വളരെ ശരിയായ രീതിയിൽ ഞങ്ങൾ ചെയ്തു കഴിഞ്ഞിരിക്കുകയാണ്, ധനകാര്യ വകുപ്പുമന്ത്രിയെ സംബന്ധിച്ച് മുഖ്യമന്ത്രി ഒരു അഭിപ്രായം പറഞ്ഞിട്ടുണ്ട്. അത് ഇല്ലാ എന്ന് അദ്ദേഹം പറഞ്ഞിട്ടില്ല, എന്താണ് അത്, എൻെറ സ്നേഹിതൻ ധനകാര്യ വകുപ്പുമന്ത്രി ഇതുസംബന്ധിച്ച അഴിമതി ആരോപണങ്ങൾക്ക് വിധേയനാകുമെന്ന് ഞാൻ കരുതുന്നില്ല. വിജിലൻസിൻെറ അന്വേഷണം നടക്കുന്ന അവസരത്തിൽ മുഖ്യമന്ത്രിയുടെ കീഴിലുള്ള വിജിലൻസിന് ഒരു ഗൈഡ്ലൈൻ അല്ലേ അത്. ഇനി മറിച്ചെന്തെങ്കിലും എഴുതിക്കൊടുത്താൽ അവരുടെ ഉദ്യോഗം കാണുമോ? അതുകൊണ്ട് ഇതൊന്നും മര്യാദയായിട്ട് അന്വേഷിക്കേണ്ട കാര്യമില്ല.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): അങ്ങ് ഇതു സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്തണമെന്ന് എഴുതികൊടുത്തത്, ശ്രീ കെ. എം. മാണി

കുറ്റക്കാരനാകുമെന്ന് മുഖ്യമന്ത്രി പറയുമെന്ന് ധരിച്ചിട്ടാണോ?

ശ്രീ. വി.എസ്. അച്യുതാനന്ദൻ: സർ, അത് എന്താകുമെന്ന് ആളുകൾക്ക് മനസ്സിലാകുമല്ലോ. എന്റെ സ്നേഹിതൻ ധനകാര്യ വകുപ്പുമന്ത്രി ഇതുപോലുള്ള കാര്യങ്ങളൊന്നും ചെയ്യുമെന്ന്, അദ്ദേഹം ഒരു അഴിമതിക്കാരനാണെന്ന് ഞാൻ കരുതുന്നില്ല, എന്ന് ഒരു ഗുഡ് സർട്ടിഫിക്കറ്റ് കൊടുത്താൽ ഇന്ന് വിജിലൻസ് അന്വേഷണത്തിന് വിധേയനായിരിക്കുന്ന ധനകാര്യ വകുപ്പുമന്ത്രിയെ രക്ഷപ്പെടുത്തുമെന്നുള്ളത് വ്യക്തമല്ലേ? ആ വസ്തുതകളെ മറച്ചു വയ്ക്കാൻ കഴിയുന്നതല്ല. ഇതെല്ലാം മാധ്യമങ്ങളിൽ വന്നതാണ്. പ്രതിപക്ഷത്തിന്റെ കണ്ടുപിടിത്തമൊന്നുമല്ല. പ്രതിപക്ഷം അതിൽ നിന്ന് ആവശ്യമായ കാര്യങ്ങൾ മനസ്സിലാക്കിയിട്ട് വെളിപ്പെടുത്തും. അങ്ങനെയാണ് പ്രതിപക്ഷം ഇതിൽ ഉത്തരവാദികളായ ആളുകളെ ഓരോരുത്തരായി പുറത്ത് കൊണ്ടുവന്നത്. ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ കാലത്ത് അങ്ങനെയായിരുന്നു, ഇങ്ങനെയായിരുന്നു എന്നൊന്നും അതിന് മറുപടിയായി പറഞ്ഞിട്ട് കാര്യമില്ല. അത് നമ്മുടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഒരു ശൈലിയാണ്. ഏത് കാര്യം ഞങ്ങൾ ഉന്നയിച്ചാലും അത് നിങ്ങളുടെ കാലത്ത്, നിങ്ങളുടെ ഭരണ കാലത്ത് എന്ന് പറഞ്ഞ്, സമാധാനം പറഞ്ഞ് രക്ഷപ്പെടുക എന്നത് നമ്മുടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഒരു നയം തന്നെയാണ്. ഇതിൽ ശരിക്ക്

സംഭവിച്ചിട്ടുള്ളത് കൂടെയുള്ള ആളുകളെ, ആക്ഷേപത്തിന് വിധേയമായിട്ടുള്ള ആളുകളെ രക്ഷപ്പെടുത്തുന്നതിന് വേണ്ടിയുള്ള ശ്രമങ്ങൾ നടത്തിയിട്ടുണ്ട്, അത് ഇപ്പോഴും നടന്നുകൊണ്ടിരിക്കുകയാണ്. വിജിലൻസ് അന്വേഷണം ഫലശൂന്യമാകാനുള്ള നടപടികൾ നിങ്ങൾ തന്നെ എടുത്തുകൊണ്ടിരിക്കുകയാണ്. ഈ കാര്യങ്ങളിൽ നിങ്ങളുടെ വിശദീകരണത്തിൻെറ അടിസ്ഥാനത്തിൽ യാതൊന്നും സംഭവിക്കാൻ പോകുന്നില്ല. ഈ സംസ്ഥാനത്ത് സംഭവിക്കാൻ പോകുന്നത് കൊടിയ അഴിമതിയാണെന്ന് ഞങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുള്ളതാണ്. 418 ബാറുകൾ പൂട്ടിയിട്ടിരിക്കുകയാണല്ലോ? മദ്യ നിരോധനമെന്ന് പ്രഖ്യാപിച്ചിട്ടുള്ള നമ്മുടെ മുഖ്യമന്ത്രിയ്ക്കും, ഗവൺമെന്റിനും, ശ്രീ. കെ. ബാബുവിനും ഇതിനെ രക്ഷിക്കുന്നതിന് കഴിയുന്നതാണോ? കഴിയുന്നതല്ല. വാസ്തവത്തിൽ സംഭവിക്കാൻ പോകുന്നത് എന്ത് എന്ന് ഈ കേരളത്തിലെ ജനങ്ങൾക്ക് നന്നായി മനസ്സിലാക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. അത് മനസ്സിലാക്കിക്കൊടുക്കേണ്ട ഒരു ശ്രമമാണ് കേരളത്തിലെ പ്രതിപക്ഷം നടത്തേണ്ടത്, ഞങ്ങൾ അത് നടത്തി കഴിഞ്ഞിരിക്കുന്നു. ഞങ്ങൾക്ക് എളിയ രീതിയിൽ ചെയ്യാൻ കഴിയുന്നത് ചെയ്ത് കഴിഞ്ഞിരിക്കുന്നു. ഞങ്ങൾ സംതൃപ്തരാണ്, കാരണം ബാറിൻെറ ഉടമകളുടെ അത് സംബന്ധിച്ച പരാതി പുറത്തുവന്നതിനു ശേഷമാണ് ഞങ്ങൾക്ക് ആ പ്രശ്നം

ഏറ്റെടുക്കേണ്ടി വന്നത്. ഏറ്റെടുത്തത് ഫലവത്തായി എന്നാണ് ഞങ്ങൾ കരുതുന്നത്. ഈ അടിയന്തരപ്രമേയത്തിൽ സഖാവ് തോമസ് ഐസക് ചൂണ്ടിക്കാണിച്ച കാര്യങ്ങൾ ശരിയായിട്ട് തന്നെ പുറത്തു വന്നിരിക്കുന്നു എന്ന സംതൃപ്തിയിലും, ഗവൺമെന്റിന് അതിൽ മറച്ച് വയ്ക്കാനുള്ള കാര്യങ്ങൾ പറയാൻ പറ്റാത്ത സാഹചര്യത്തിലും, ഇതെല്ലാം തന്നെ വളരെ വ്യക്തമായി കേരളത്തിലെ ജനങ്ങൾക്ക് മനസ്സിലാകുകയും, ഈ സഭ നിർത്തിവച്ച് ചർച്ചചെയ്യാനുള്ള അഭിപ്രായത്തെ മാനിക്കാനും, അതിന് സന്നദ്ധമാണ് എന്ന് മുഖ്യമന്ത്രിയോ, ശ്രീ. ബാബുവോ ആരെങ്കിലുമോ പറയാൻ തയ്യാറാകാത്ത സഹാചര്യത്തിലും ഇതിനെ സംബന്ധിച്ച് വളരെ ശക്തമായ അഭിപ്രായം ഒന്നുകൂടി രേഖപ്പെടുത്തിക്കൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുകയാണ്.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ച ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. വി. എസ്. അച്ചുതാനന്ദനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ശ്രീ. സി. ദിവാകരൻ : ബഹുമാനപ്പെട്ട തോമസ് ഐസക് അവതരിപ്പിച്ച അടിയന്തരപ്രമേയത്തിൽ ഉന്നയിച്ചിട്ടുള്ള ഗുരുതരമായ ചില പ്രശ്നങ്ങൾക്ക് ഇപ്പോഴും മറുപടിയില്ലാതെ നിൽക്കുകയാണ്. ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയെ കാണാനില്ല.

അടിന്തരപ്രമേയത്തിന്റെ വാക്കൗട്ട് തീർന്നിട്ടില്ല. നിങ്ങളും വാക്കൗട്ട് നടത്തുകയാണോ? ഇവിടെ ഉന്നയിക്കപ്പെട്ട ആക്ഷേപങ്ങൾ വളരെ ഗുരുതരമാണ്. ഈ സഭയിൽ ഇപ്പോൾ ചർച്ച ചെയ്യുമ്പോൾ ബഹുമാനപ്പെട്ട എക്സൈസ് വകുപ്പുമന്ത്രി, കോടതിയിൽ ജയിച്ചു നിൽക്കുന്നത് ലൈസൻസികളാണ്, അബ്കാരികളാണ്. ഗവൺമെന്റ് അല്ല. കേരളത്തിലെ ഗവൺമെന്റ് അതിന്റെ എല്ലാ സംവിധാനങ്ങളെയും അബ്കാരിക്കാർ കോടതിയിൽ ചോദ്യം ചെയ്ത് ഗവൺമെന്റ് ദയനീയമായി പരാജയപ്പെട്ടിരിക്കുന്നു. ഗവൺമെന്റ് പ്രഖ്യാപിച്ച നയത്തെയെടുത്ത് ചവറ്റുകൊട്ടയിൽ കളഞ്ഞു. അപ്പീൽ കൊടുക്കുന്നത് ജുഡീഷ്യറിയുടെ നടപടിക്രമം മാത്രമാണ്. എപ്പോൾ വേണമെങ്കിലും അപ്പീൽ കൊടുക്കാം. പക്ഷേ എന്തുകൊണ്ട് ഹൈക്കോടതി നിങ്ങൾ ഉന്നയിച്ച ഈ വിഷയങ്ങളിൽ ഫൈവ് സ്റ്റാറിനും ഹെരിറ്റേജിനും മാത്രം ലൈസൻസ് കൊടുത്താൽ മതിയെന്നുള്ള ഗവൺമെന്റിന്റെ അബ്കാരി നയത്തെ കോടതി പിച്ചിച്ചീന്തിയെറിഞ്ഞു. കോടതിയിൽ വാദിക്കാൻ ആളില്ലാത്തതുകൊണ്ടാണോ കബിൽ സിബലിനെ പോലുള്ള ആളുകളെ കൊണ്ടുവന്നതെന്നാണ് പറയുന്നത്. അങ്ങനെയുള്ളവരെ കൊണ്ട് വന്നിട്ടും ഖജനാവിൽ നിന്നും വക്കീൽ ഫീസ് കൊടുത്തിട്ടും സർക്കാർ വക്കീൽ തോറ്റു, പ്രൈവറ്റ് വക്കീൽ ജയിച്ചു. അതല്ലേ മാണി സാറേ ഉണ്ടായത്. അങ്ങ് നിയമ

വകുപ്പുമന്ത്രിയായിരുന്നിട്ട് ഏതെങ്കിലുമൊരു കേസ് ഗവൺമെന്റിന് വേണ്ടി ഇതുവരെ വാദിച്ച് ജയിച്ചിട്ടുണ്ടോ? ഈ നാല് കൊല്ലത്തിനിടയിൽ ഒരു കേസ്സെങ്കിലും ജയിച്ചിട്ടുണ്ടോ കൂടാതെ ഇപ്പോൾ ദയനീയമായി തോൽക്കുകയും ചെയ്തു, ഇനിയും തോൽക്കാൻ പോകുകയാണ്.

ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): നിയമ വകുപ്പുമന്ത്രി അല്ല കേസ് നടത്തുന്നത്. കേസ്സ് നടത്തുന്നത് വകുപ്പുകളാണ്.

ശ്രീ. സി. ദിവാകരൻ : നിങ്ങൾക്ക് അതിൽ യാതൊരു ഉത്തരവാദിത്തവുമില്ല. അതുകൊണ്ട് കേസ്സ് തോറ്റുകൊണ്ടേയിരിക്കും. ഈ കേസ്സ് തോറ്റത് ഗൂഢാലോചനയുടെ ഫലമായാണ് എന്ന് പറഞ്ഞാൽ എങ്ങനെ അത് നിഷേധിക്കാൻ കഴിയും. ഗവൺമെന്റിന്റെ നിയമ വകുപ്പ്, ഗവൺമെന്റിന്റെ ഉന്നതന്മാരായ അഭിഭാഷകൻമാർ, ഗവൺമെന്റിന്റെ ഉദ്യോഗസ്ഥൻമാർ, ഗവൺമെന്റ് ഡിപ്പാർട്ടുമെന്റുകൾ എല്ലാം ഉണ്ടായിട്ടും ഈ കേസ്സ് എന്തുകൊണ്ട് തോറ്റു? സാമാന്യ ബുദ്ധിക്ക് നിരക്കുന്നതാണോയിത്. അതാണ് ഞങ്ങൾ പറയുന്നത് നിങ്ങൾ അഴിമതിയെ സംബന്ധിച്ച് ..... നിങ്ങൾക്ക് ഇത് ആവശ്യമില്ലെങ്കിൽ....... സഭയിൽ പറയാനുള്ളത് പറയാനല്ലേ ഞാൻ ഇവിടെ വരുന്നത്. ബഹുമാനപ്പെട്ട ചെയർ,

എന്താ ഇതിൽ ഇടപെടാത്തത്? ഒന്നുകിൽ സഭ പിരിച്ച് വിട്ടു, നിങ്ങളുടെ സഭയല്ലേ നിങ്ങൾക്ക് പിരിച്ച് വിടാമല്ലോ. പ്രതിപക്ഷത്തുള്ള ആരെങ്കിലും എന്തെങ്കിലും പറഞ്ഞാൽ നിങ്ങൾ അതൊന്നും ശ്രദ്ധിക്കാതെ......... സർ ഞാൻ വീണ്ടും ആരോപണം ഞാൻ ഉന്നയിക്കുകയാണ്. ഈ കേസ്സ് തോറ്റത് ഗുരുതരമായ കോഴയുടെ അടിസ്ഥാനത്തിലാണ്. അല്ലെങ്കിൽ ഈ കേസ് തോൽക്കേണ്ട ആവശ്യമില്ല. രണ്ടാമത്തെ കാര്യം മുഖ്യമന്ത്രിയെപ്പോലെ ഒരാൾ ഇവിടെ ഉന്നയിച്ചത് വളരെ നിർഭാഗ്യകരമാണ്. അങ്ങ് ഇവിടെപ്പറഞ്ഞ നിരപരാധിയെ....... നിരപരാധിയോ അപരാധിയോ ആരെയാണ് ഉദ്ദേശിച്ചത്. അത് തീരുമാനിക്കേണ്ട വിജിലൻസിലാണ് കേസ്സ് നടക്കുന്നത്. ആ വിജിലൻസിൽ കേസ്സ് നടന്നുകൊണ്ടിരിക്കുമ്പോൾ പ്രതിപക്ഷത്തു നിന്നും ഒരു ആക്ഷേപം വന്നപ്പോൾ അതിന്റെ അന്വേഷണം നടത്തുവാൻ ഗവൺമെന്റ് തയ്യാറായപ്പോൾ ആ അന്വേഷണ നടപടികൾ നടന്നുകൊണ്ടിരിക്കുമ്പോൾ അതിനകത്ത് കേരളത്തിലെ മുഖ്യമന്ത്രി ആ കേസ്സുമായി ബന്ധപ്പെട്ട നിരപരാധികളെ ഈ ഗവൺമെന്റ് ക്രൂശിക്കില്ലായെന്ന് പറഞ്ഞാൽ ആരെയാണ് ഉദ്ദേശിക്കുന്നത്. അതിനു മുമ്പ് ഒരു വാചകം പറഞ്ഞു ഞാൻ മിണ്ടാതിരിക്കുന്നത് പ്രതിപക്ഷ നേതാവ് എപ്പോഴും പറയും ഞാൻ മിണ്ടിയാൽ അത് മാണിയെ രക്ഷിക്കാനാണെന്ന്. അതിന്റെ അനുബന്ധമായിട്ടാണ് അങ്ങ് ഇത്

പറഞ്ഞത്. അതുകൊണ്ട് സ്വാഭാവികമായിട്ടും ഇനി വിജിലൻസിനെ പിരിച്ച് വിടുക. വിജിലൻസിന് ഒരു കാര്യവുമില്ല. അവിടെ പെറ്റിഷൻ കൊടുത്തിട്ട് ഒരു കാര്യവുമില്ല. അവർ നടപടിയെടുക്കില്ല അവിടെ കുറ്റവാളിയെ ശിക്ഷിക്കാൻ കഴിയില്ല. കാരണം ഭരണത്തിന്റെ ചീഫ് എക്സിക്യൂട്ടീവ് പറഞ്ഞിരിക്കുന്നു...... അതിനും താഴെയല്ലേ വിജിലൻസുള്ളൂ. സി.ബി.ഐ. അല്ലല്ലോ. അതുകൊണ്ട് ഈ കേസ്സിൽ ഞാൻ ബിജു രമേശിനെപ്പറ്റിപറയുകയല്ല. എന്തുകൊണ്ട് ഇങ്ങനെയൊരു സംഭവം വന്നു. നിങ്ങൾ ഞങ്ങളെ ബഹിഷ്കരിച്ചോ. പക്ഷേ കേരളത്തിന്റെ മനസ്സാക്ഷിയുടെ മുമ്പിൽ ഇത്രയും ഞെട്ടിപ്പിക്കുന്ന തരത്തിൽ ഒരു മന്ത്രിയെക്കുറിച്ച്... സാധാരണ മന്ത്രിയല്ല അസാധാരണമായൊരു മന്ത്രിയെക്കുറിച്ച് പട്ടാപ്പകൽ പി. സി. ജോർജ്ജ് ഒരാൾ നിങ്ങളുടെ മുമ്പിൽ ആവർത്തിക്കുന്നു. അയാൾ പറഞ്ഞത് നുണ പരിശോധനയ്ക്ക് ഞാൻ തയ്യാറാണ് എന്നാണ്. ആ കേസ്സിൽ ഒന്നും നടക്കാൻ പോകുന്നില്ലയെന്ന് നിങ്ങൾക്കും എനിക്കുമറിയാമല്ലോ. ഒന്ന് പറഞ്ഞേ എന്തു നടപടിയെടുത്തു...... എനിക്ക് ഇഷ്ടമുള്ളതുപോലെ പറയും. ഞാൻ സംസാരിച്ചുകൊണ്ടിരിക്കുകയാണ്.

മി.ഡെപ്യൂട്ടി സ്പീക്കർ : ബഹുമാനപ്പെട്ട ശ്രീ. ദിവാകരൻ ഇപ്പോൾ ആറ് മിനിട്ട് കഴിഞ്ഞു

ശ്രീ. സി. ദിവാകരൻ : നാല് മിനിട്ട് ശ്രീ. പി.സി.ജോർജാണ് എടുത്തത്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u> : പ്ലീസ്...പ്ലീസ് അദ്ദേഹം സംസാരിക്കട്ടെ പ്ലീസ്..കൺക്ലൂഡ്

<u>ശ്രീ. സി. ദിവാകരൻ</u> : ശ്രീ. പി. സി. ജോർജ്ജേ പിന്നെ എന്തിനാണ് വിജിലൻസ് എൻക്വയറി. നിങ്ങൾ പറയുന്നത് ശരിയാണെങ്കിൽ വിജിലൻസ് എൻക്വയറി എന്തിനാണ്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u> : ബഹുമാനപ്പെട്ട ദിവാകരൻ പ്ലീസ് കൺക്ലൂഡ്..പ്ലീസ് കൺക്ലൂഡ്...

<u>ശ്രീ. സി. ദിവാകരൻ</u>: സർ, ഞാൻ പറയുന്ന കാര്യം അടിസ്ഥാന രഹിതമാണെന്ന് മറ്റൊരാൾ പറയേണ്ട വല്ല കാര്യവും ഉണ്ടോ?

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u> : ഇല്ല

<u>ശ്രീ. സി. ദിവാകരൻ</u> : അത് പരിശോധിക്കേണ്ടത് വിജിലൻസ് അല്ലേ. ശ്രീ. പി.സി. ജോർജ് ഇങ്ങനെ കള്ളക്കളിയൊന്നും കളിക്കേണ്ട. അദ്ദേഹം വെറുതെ നാടകം കളിക്കുകയാണ്. അത് മാണി സാറിനും അറിയാം.

<u>ശ്രീ. കെ. എം. മാണി</u> : ഒരു വാദം വന്നാൽ രണ്ട് പേർക്കും ആപ്ലിക്കബിൾ ആണ്. വിജിലൻസ് അന്വേഷിച്ച് കൊണ്ടിരിക്കുമ്പോൾ പി.സി.ജോർജ് എന്തിനാ അങ്ങനെ പറയുന്നത് വിജിലൻസ് അന്വേഷിച്ചുകൊണ്ടിരിക്കുന്ന കേസിന് അങ്ങ്

എന്തിനാ വിധിപറയുന്നത്? അത് വിജിലൻസ് അന്വേഷിക്കട്ടെ അന്വേഷണത്തെ സ്വാധീനിക്കുകയല്ലേ നിങ്ങളുടെ ഈ ചർച്ചയുടെ ലക്ഷ്യം.

മി. ഡെപ്യൂട്ടി സ്പീക്കർ : പ്ലീസ്...പ്ലീസ് ....

ശ്രീ. സി. ദിവാകരൻ : വളരെ വിചിത്രമായ വാദമാണ്. മാണി സാർ ചോദിച്ച ചോദ്യം, ഞാനാണ് മാണി സാറിനോട് ചോദിച്ചത്. നിങ്ങൾ എന്തിനാണ് വിജിലൻസ് കേസ്സന്വേഷണത്തിൽ ഇടപെടുന്നത് എന്നാണ് ചോദിക്കുന്നത്. ഞാൻ താങ്കളോടാണ് ചോദിച്ചത് വിജിലൻസിന് വിട്ടുകൊടുക്കണം. നിർഭയമായിട്ട് വിജിലൻസ് അന്വേഷണം നടത്തട്ടെ. ശ്രീ. ബാബു പറഞ്ഞു ഞങ്ങളുടെ കാലത്ത് ബാർ ലൈസൻസ് പുതുക്കിക്കൊടുത്തത് ശരിയാണെന്ന്.... നിങ്ങൾ എത്ര ബാർ ലൈസൻസ് കൊടുത്തു. 66 എണ്ണം - ഇത് നിങ്ങളുടെ സ്റ്റേറ്റ്മെന്റ് ആണ്. 66 ബാർ ലൈസൻസുകളിൽ കോടതി വഴി 32 എണ്ണം. ബാക്കിയെല്ലാം നിങ്ങൾ കൊടുത്തതാണ്. അപ്പോൾ നിങ്ങൾ ഘട്ടം ഘട്ടമായി ബാർ ലൈസൻസ് കൊടുത്തു അതിന് യാതൊരു മാനദണ്ഡവുമില്ല. പഴയതുപോലെ നിങ്ങളും കൊടുത്തു ആ കൊടുത്തത് തെറ്റാണെങ്കിൽ .....

മി. ഡെപ്യൂട്ടി സ്പീക്കർ : ഇപ്പാൾ 8 മിനിട്ട് കഴിഞ്ഞു. പ്ലീസ് ....

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി (ശ്രീ. കെ. ബാബു) :

അങ്ങ് പറയുന്നത് വസ്തുതാപരമല്ല. കാരണം ഞങ്ങൾ വന്നതിനുശേഷം 60 ബാർ ലൈസൻസ് കൊടുത്തുവെന്നാണ് ഞാൻ പറഞ്ഞത്. അതിൽ 38 എണ്ണം കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ contempt വന്നതിന്റെ അടിസ്ഥാനത്തിലാണ്. അതിൽ തന്നെ 14 എണ്ണം ഞങ്ങൾ റദ്ദ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ഫലത്തിൽ 46 എണ്ണം മാത്രമെ ഞങ്ങൾ കൊടുത്തിട്ടുള്ളൂ.

മി.ഡെപ്യൂട്ടി സ്പീക്കർ : പ്ലീസ്....പ്ലീസ് കൺക്ലൂഡ്. പി.സി.ജോർജ് അദ്ദേഹമൊന്ന് അവസാനിപ്പിക്കട്ടെ. ബഹുമാനപ്പെട്ട ശ്രീ. ദിവാകരൻ 9 മിനിട്ട് ആയി കൺക്ലൂഡ്.

ശ്രീ. സി. ദിവാകരൻ : സഭയിലെ ഒരംഗത്തോട് ഇങ്ങനെയാണോ സർ പറയേണ്ടത്; മഹാ മോശമല്ലേ അതൊക്കെ റൂളിംഗ് കൊടുക്കണ്ടേ; സാറിന് പേടിയാണോ?

മി. ഡെപ്യൂട്ടി സ്പീക്കർ : ഞാൻ കേട്ടില്ല. എന്റെ ശബ്ദം മുഴുവനും അങ്ങയിലായിരുന്നു.

ശ്രീ. സി. ദിവാകരൻ : എന്താ പറഞ്ഞുകൊണ്ട് പോയത്. ഇതൊക്കെ അങ്ങ് കേൾക്കണ്ടേ. ഞങ്ങളാണോ കേൾക്കേണ്ടത്.

മി.ഡെപ്യൂട്ടി സ്പീക്കർ : അദ്ദേഹം മൈക്കിലൂടെയല്ല പറഞ്ഞത്

ശ്രീ. സി. ദിവാകരൻ : എം.എൽ.എ.മാരും മന്ത്രിമാരും പരസ്പരം പെരുമാറുന്നതിനെക്കുറിച്ച് നോംസുണ്ട്. ഞങ്ങളും അതുപോലെ പറയട്ടെ.... ഓർഡറിൽ തന്നെ

മി.ഡെപ്യൂട്ടി സ്പീക്കർ : അതു ഒരു വിവാദമാക്കണ്ട

ശ്രീ. സി. ദിവാകരൻ: ഓർഡറിൽ തന്നെ. അല്ലായെന്ന് ആരാ പറയുന്നത്? ഞാൻ പറയുന്ന ഓർഡറിലാണെന്ന്. അതിൽ എന്താ തെറ്റ്? എന്താ ശ്രീ. സി.പി. മുഹമ്മദേ.. നിങ്ങളുടെ പി.സി.ജോർജ് എന്നെ പറഞ്ഞപ്പോൾ മിണ്ടാതിരുന്നത് നമ്മളെല്ലാം എം.എൽ.എ.മാരല്ലേ; വർത്തമാനം പറയണ്ടേ എന്നെ നിയന്ത്രിക്കാൻ ഇദ്ദേഹത്തിന് എന്താ കാര്യം?

മി.ഡെപ്യൂട്ടി സ്പീക്കർ : ശ്രീമതി ബിജിമോൾ പ്ലീസ്...പ്ലീസ്

ശ്രീ. സി. ദിവാകരൻ: സർ, ശ്രീ. സി. പി. മുഹമ്മദ്, ശ്രീ. പി. സി. ജോർജ് എന്നെക്കുറിച്ച് പറഞ്ഞപ്പോൾ എന്തിനാണ് മിണ്ടാതിരുന്നത്? നമ്മളെല്ലാവരും എം.എൽ.എ.-മാരല്ലേ. എന്നെ നിയന്ത്രിക്കാൻ ഇദ്ദേഹത്തിന് എന്താണ് കാര്യം?

ശ്രീ. സി. പി. മുഹമ്മദ്: .............(മൈക്ക് ഓഫ്).........

ശ്രീ. സി. ദിവാകരൻ: സർ, പത്തും പതിനഞ്ചും മിനിട്ടാകും. അത്

തീരുമാനിക്കാൻ നിങ്ങൾ ആരാണ്? ............(ബഹളം)......... അത് തീരുമാനിക്കാൻ നിങ്ങൾ ആരാണ്? ............(ബഹളം)......... നിങ്ങൾ ആരാണ്? ............(ബഹളം)......... ശ്രീ. സി. പി. മുഹമ്മദ് ആരാണ്? ............(ബഹളം)......... ഇരിക്കാൻ മനസ്സില്ല. ചെയർ ഇരിക്കുന്നത് എന്തിനാണ്; എത്ര ചെയറുണ്ട്? ............(ബഹളം).........

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ബഹുമാനപ്പെട്ട സി. ദിവാകരൻ, പ്ലീസ്........ പ്ലീസ്..........

<u>ശ്രീ. സി. ദിവാകരൻ</u>: സർ, എന്റെ സമയം ചെയറാണോ, അപ്പുറത്തിരിക്കുന്നവരാണോ നിയന്ത്രിക്കുന്നത്?

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: പ്ലീസ്........ പ്ലീസ്..........

<u>ശ്രീ. സി. ദിവാകരൻ</u>: സർ, എനിക്കറിയാം. ഇത് വളരെ പ്രകോപനമുണ്ടാക്കുന്ന ഒരു വിഷയമാണ്. ഞാനൊരു കാര്യം പറഞ്ഞ് അവസാനിപ്പിക്കുകയാണ്. ഈ അടിയന്തരപ്രമേയത്തിന് മറുപടി പറഞ്ഞതുകൊണ്ടുമാത്രം ഈ വിഷയം ഇവിടെ അവസാനിക്കാൻ പോകുന്നില്ല. ഇത് ചർച്ച ചെയ്യേണ്ടതാണ്. സഭ നിർത്തിവയ്ക്കേണ്ടതാണ്. അത് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിച്ച ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. സി. ദിവാകരനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി)

ശ്രീ. മാത്യു റ്റി. തോമസ്: സർ, ഈ അടിയന്തരപ്രമേയത്തിന് അവതരണാനുമതി തേടിയതിന്റെ മറുപടിയായി ബഹുമാനപ്പെട്ട എക്സൈസ് വകുപ്പുമന്ത്രി പ്രസക്തമായ ഒരു കാര്യം പറഞ്ഞു - രാജ്യത്ത് ജനാധിപത്യ ഭരണക്രമത്തിൽ നയം തീരുമാനിക്കേണ്ടത് കോടതിയല്ല, നയം തീരുമാനിക്കേണ്ടത് ജനാധിപത്യ ഭരണസമ്പ്രദായമാണ്, രാഷ്ട്രീയ നേതൃത്വമാണ് എന്ന്. അത് പൂർണ്ണമായും ഞങ്ങൾ ഉൾക്കൊള്ളുന്നു. പക്ഷേ ഇവിടെ വന്നിരിക്കുന്ന പ്രശ്നം, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പല കാര്യങ്ങളിലുമെടുത്ത നയപരമായ തീരുമാനങ്ങളിൽ കോടതി ഇടപെടുകയാണ്. അത് ഈ മദ്യനയത്തിൽ മാത്രമല്ല, പ്ലസ് ടു-വിന്റെ കാര്യത്തിൽ...... കോടതി മാത്രമല്ല, ഉന്നതവിദ്യാഭ്യാസ രംഗത്തെ കെടുകാര്യസ്ഥതയും അഴിമതിയും അവസാനിപ്പിക്കാൻവേണ്ടി ചാൻസലറായ ഗവർണ്ണറും ഇടപെടുകയാണ്. ഈ ഗവർണ്ണറേയും കോടതിയേയുമൊക്കെ നിരന്തരം ഇടപെടുവിക്കാൻതക്കവണ്ണം നയങ്ങളിലൊരു

വ്യക്തതയില്ലാതെ വരികയും പലപ്പോഴും വിരുദ്ധങ്ങളായ നയങ്ങൾ നടപ്പിലാക്കാൻ ശ്രമിക്കുകയും ചെയ്യുന്നവെന്നുള്ളതാണ് പ്രശ്നം. മദ്യനയത്തെ സംബന്ധിച്ച് എത്ര തീരുമാനങ്ങൾ മാറ്റിയെഴുതി. കെ.പി.സി.സി. പ്രസിഡന്റ്, അദ്ദേഹത്തിന്റെ പ്രതിച്ഛായയ്ക്കുവേണ്ടി സമരം നടത്തുമ്പോൾ ആ പ്രതിച്ഛായയേയും വെല്ലുവിളിക്കാൻ തക്കവണ്ണം മന്ത്രിസഭ വേറൊരു തീരുമാനമെടുത്ത്, അങ്ങനെ കെ.പി.സി.സി. പ്രസിഡന്റുതന്നെ പ്രതിച്ഛായ വർദ്ധിപ്പിക്കണ്ടായെന്ന നയം.... ഈ നയത്തിന്റെ പേരിൽ വ്യത്യസ്തമായ, വിരുദ്ധമായ നിലപാടുകളെടുക്കുമ്പോഴാണ് കോടതിക്ക് ഇടപെടാനുള്ള സ്പേസുണ്ടാകുന്നത്. എക്സൈസ് വകുപ്പുമന്ത്രി പറഞ്ഞത് ശരിയാണ്. ജനാധിപത്യ സമ്പ്രദായം നയം തീരുമാനിക്കണം. പക്ഷേ നിങ്ങൾക്ക് നയമില്ല. നയങ്ങളിൽ വ്യക്തതയില്ല. നിങ്ങളുടെ നയം ഇപ്പോൾ പുറത്തുവന്നിരിക്കുന്നു. നിങ്ങളുടെ നയം ഞാൻ കഴിഞ്ഞ ദിവസം പറഞ്ഞതാണ്. ബാർ വേണമെങ്കിൽ കോഴ വേണം, കോഴയില്ലെങ്കിൽ ബാറില്ല. അതുമാത്രമാണ് നിങ്ങളുടെ നയം. സംസ്ഥാനത്ത് നടപ്പാക്കുന്ന നയത്തെ സംബന്ധിച്ച് വ്യക്തതയില്ലാതെ നയമില്ലായ്മയുടെ ഒരു പാതയിലൂടെ പൊയ്ക്കൊണ്ടിരുന്നതുകൊണ്ടാണ് ജനാധിപത്യഭരണ സംവിധാനത്തെ മാറ്റിമറിച്ചുകൊണ്ട് കോടതിക്ക് ഇടപെടാനുള്ള സാഹചര്യമുണ്ടായതെന്ന വസ്തുത ആദ്യം അംഗീകരിക്കണം. ബഹുമാനപ്പെട്ട

മുഖ്യമന്ത്രി ഇന്ന് മൗനം വെടിഞ്ഞു. മൗനം വെടിഞ്ഞ് ധനകാര്യ വകുപ്പുമന്ത്രിയെ കുറ്റവിമുക്തനാക്കിക്കൊണ്ട് പ്രസംഗം നടത്തി. അപ്പോൾ ഒരു പ്രത്യുപകാരം ധനകാര്യ വകുപ്പുമന്ത്രി തിരിച്ചുചെയ്യണ്ടേ. അങ്ങ് ഉന്നയിച്ച ഗൂഢാലോചന ആരോപണം പിൻവലിച്ചിട്ടുണ്ടോ? അങ്ങ് നിരപരാധിയാണ്, അങ്ങയുടെ പിന്നിൽ ഞങ്ങൾ ഉറച്ചുനിൽക്കുമെന്ന് മുഖ്യമന്ത്രി പറഞ്ഞപ്പോൾ ഈ ആരോപണത്തിന്റെ പിന്നിൽ ഗൂഢാലോചനയുണ്ടായിരുന്നുവെന്ന് അങ്ങും അങ്ങയുടെ പാർട്ടിക്കാരനായ ചീഫ് വിപ്പും നേരത്തെ പറഞ്ഞത് പിൻവലിച്ചോ?

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ഈ പറയുന്നത് കേൾക്കുമ്പോൾ ഈ ഗൂഢാലോചനയിൽ അങ്ങുകൂടിയുണ്ടോ എന്നൊരു സംശയം ജനിക്കാനിടയുണ്ടെങ്കിൽ എന്നോട് ക്ഷമിക്കണം.

ശ്രീ. മാത്യു റ്റി. തോമസ്: സർ, അങ്ങേയ്ക്കെതിരെ ഗൂഢാലോചന നടത്തുന്ന സംഘത്തിലേയ്ക്ക് എന്നെക്കൂടി ഉയർത്തിക്കൊണ്ടുവന്നതിൽ ഞാൻ അങ്ങയോട് നന്ദി പറയട്ടെ. ഞാൻ നിസ്സാരനാണ്. കേരളത്തിൽ 50 വർഷത്തിലധികം നിയമസഭാംഗമായിരുന്ന, മന്ത്രിയായിരുന്ന അങ്ങേയ്ക്കെതിരെ ഗൂഢാലോചന നടത്തുന്ന ഉന്നതസംഘത്തിൽ എന്നെപ്പോലെ ഒരാളുകൂടിയുണ്ടെന്ന് അങ്ങ്

സംശയിക്കുന്നെങ്കിൽ ഞാൻ പ്രൊമോട്ടഡായിയെന്ന് ചിന്തിക്കുന്ന ഒരാളാണ്. അത്രയും വലിയൊരു സ്ഥാനം എനിക്ക് കൽപ്പിച്ച് തന്നതിൽ ഞാൻ അങ്ങയോട് നന്ദി പറയുകയാണ്. ഇവിടെ വളരെ വ്യക്തമായി അഴിമതി ആരോപണമുണ്ടായിരിക്കുന്നു. അഴിമതി ആരോപണത്തെ അടിസ്ഥാനപ്പെടുത്തിയാണ് തീരുമാനമുണ്ടാകുന്നത്. ആ തീരുമാനങ്ങളിൽ വ്യക്തതയില്ലാത്തതുകൊണ്ട് കോടതി ഇടപെടുന്നു. ഇത് അവസാനം എവിടെവന്ന് നിൽക്കുന്നു. നിങ്ങൾ പ്രഖ്യാപിക്കുന്ന നയം നടപ്പിലാക്കാൻ കഴിയുന്നുണ്ടോ? നിങ്ങൾ ഒരു നയം പറയുകയും ആ നയം പരാജയപ്പെടണമെന്ന് ആഗ്രഹിച്ചുകൊണ്ട് നിങ്ങൾതന്നെ ഒത്താശ ചെയ്തുകൊടുക്കുകയും ചെയ്യുകയാണ്. ഘട്ടംഘട്ടമായി മദ്യനിരോധനം നടപ്പാക്കുമെന്ന് പറയുമ്പോൾ ഓരോ സ്റ്റാർ താഴോട്ടുതാഴോട്ടുവന്ന് ഒന്നിച്ച് എല്ലാ സ്റ്റാറുകളിലും വൈൻ പാർളറാകാം, ബിയർ പാർളറാകാം, മദ്യം ഒഴുക്കിക്കൊടുക്കാൻത്തക്കവണ്ണം ആരോപണം ഉന്നയിച്ചവരുമായി ചില ധാരണകളിലേയ്ക്ക് എത്തിച്ചേരാനുള്ള ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. ഈ വിഷയങ്ങളൊക്കെ ചർച്ച ചെയ്യാൻ എന്താണ് കുഴപ്പം? ഈ വിഷയം ചർച്ച ചെയ്താൽ ഞങ്ങൾക്ക് പറയാനുള്ളത് ഞങ്ങളും നിങ്ങൾക്ക് പറയാനുള്ളത് നിങ്ങളും പറയില്ലേ? ഇപ്പോൾ ഡിസംബർ മാസമായി. ഏപ്രിൽ മാസം മുതൽ നടപ്പാക്കേണ്ട ഒരു

നയമാണ് ഇപ്പോഴും ചർച്ച ചെയ്തുകൊണ്ടിരിക്കുന്നത്. അങ്ങനെ നയമില്ലായ്മയുടെ പേരിൽ അവ്യക്തമായ സംഗതികളുണ്ടായി. അവസാനം മന്ത്രിമാർതന്നെ അങ്ങോട്ടും ഇങ്ങോട്ടും വിധി പറഞ്ഞാൽ no man shall be the judge in his own case? ആരോപിതർതന്നെ ഇതിൽ കുറ്റമില്ലായെന്ന് പറഞ്ഞാൽ ആരോപണം അവസാനിക്കുന്നില്ല. ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും പാർട്ടി അംഗങ്ങളും വാക്കൗട്ട് നടത്തുന്നു.

(അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിച്ച ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. മാത്യു റ്റി. തോമസും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി)

<u>ശ്രീ. തോമസ് ചാണ്ടി</u>: സർ, ബഹുമാനപ്പെട്ട എക്സൈസ് വകുപ്പുമന്ത്രിയോട് ഒന്നുരണ്ട് ചോദ്യങ്ങൾ എനിക്ക് ചോദിക്കാനുണ്ട്. വർദ്ധിച്ചുവരുന്ന മദ്യാസക്തി കുറയ്ക്കണമെന്ന് അങ്ങ് ഇവിടെ പറഞ്ഞു. അങ്ങ് പറഞ്ഞത് 100 ശതമാനം സത്യമാണ്. സമൂഹം നേരിടുന്ന ഏറ്റവും വലിയ പ്രശ്നമാണ് വർദ്ധിച്ചുവരുന്ന മദ്യാസക്തി. ഏത് വിഭാഗത്തിലാണ് വർദ്ധിച്ചുവരുന്ന മദ്യാസക്തി ഇപ്പോഴുള്ളത്? നമ്മൾ തമ്മിൽ നടന്ന ഒരു ചർച്ച അങ്ങുതന്നെ പറഞ്ഞു, മദ്യപിക്കാതെ ജോലിക്ക് പോകാൻ പറ്റാത്ത വലിയൊരു തൊഴിലാളിവർഗം ഇവിടെയുണ്ട്. മദ്യപിച്ചിട്ടാണ്

ജോലിക്ക് പോകുന്നത്. ഞാനും അത് കാണുന്നതാണ്. യൂണിയനുകളുടെ അതിപ്രസരം വ്യവസായത്തിന്റെ നട്ടെല്ല് തകർത്ത ഈ സംസ്ഥാനം ഇന്ന് പിടിച്ചുനിൽക്കുന്നത് രണ്ട് കാര്യങ്ങളിലാണ്. ഒന്ന്, എന്നെപ്പോലെ വിദേശ രാജ്യത്തുപോയി 48, 52 ഡിഗ്രി സെന്റിഗ്രേഡിൽ കിടന്ന് ജോലി ചെയ്ത് ഈ രാജ്യത്തേക്ക് അയച്ച പണം ഇപ്പോഴും വന്നുകൊണ്ടിരിക്കുന്നു. രണ്ട്, മറ്റ് സംസ്ഥാനങ്ങളെ അമ്പരപ്പിച്ചുകൊണ്ട് വർദ്ധിച്ചുവരുന്ന ടൂറിസം മേഖല. ഇപ്പോൾ നിങ്ങൾ ത്രീസ്റ്റാർ-ഫോർസ്റ്റാർ ഹോട്ടലുകളുടെ ബാർ ലൈസൻസ് റദ്ദുചെയ്തു. ഈ ബാറുകളിൽ കയറി മദ്യപിച്ച ആളുകളാണോ റോഡിൽ കിടക്കുന്നത്, ഇവിടെകയറി മദ്യപിച്ചിട്ടാണോ പിച്ചാത്തിയെടുക്കുന്നത്. അതിനുവേണ്ട സാധനം നിങ്ങളുടെ ഔട്ട് ലെറ്റുകളിലെല്ലാം രാവിലെ മുതൽ വൈകുന്നേരംവരെ വിൽക്കാനുള്ള സൗകര്യം നിങ്ങൾ 10 ശതമാനം കുറച്ചതുകൊണ്ട് ഈ രാജ്യത്ത് എന്താണ് സംഭവിച്ചത്? അത്രയുംകൂടി സെയിൽ അടുത്ത ഔട്ട് ലെറ്റിൽ കൂടും. ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ ചോദിക്കുകയാണ്, ഇനി ടൂറിസ്റ്റുകളുംപോയി ആ ക്യൂവിന്റെ പുറകിൽനിന്ന് വാങ്ങിച്ച് മുറിയിൽ കൊണ്ടുപോയി കുടിക്കണമെന്നാണോ നിങ്ങൾ പറയുന്നത്. അവിടെ ബിയറും വൈനുമൊന്നും കുടിച്ചാൽ ആരും പിച്ചാത്തിയൊന്നും എടുക്കുകയില്ല. കള്ളുവ്യവസായം സംരക്ഷിക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി

പറഞ്ഞല്ലോ. ആരും കോടതിയിൽ പോകുകയില്ലേ. രാവിലെ ചെത്തിയെടുക്കുമ്പോൾ 8 ശതമാനവും 12 മണിക്കൂറിരിക്കുമ്പോൾ കള്ള് 16 ശതമാനവുമാകും. അപ്പോൾ 7 ശതമാനമുള്ള ബിയറും 11 ശതമാനമുള്ള വൈനും എന്തിനാണ് നിരോധിക്കുന്നത്? അതിനെ സംരക്ഷിക്കാൻ നിങ്ങൾക്ക് കഴിയില്ലായെന്ന് ഞാൻ വെല്ലുവിളിക്കുകയാണ്. കാരണം അഞ്ചുശതമാനവും ആറുശതമാനമുള്ള ബിയറും 10 ശതമാനമുള്ള വൈനും ഇവിടെ നിരോധിച്ചിട്ട് ഇതെങ്ങനെ ഇവിടെ വന്നുവെന്ന് ആരെങ്കിലും കോടതിയിൽപ്പോയി പറഞ്ഞാൽ നിങ്ങൾ അതിന് എന്ത് മറുപടി പറയും? അപ്പോൾ കള്ളുവ്യവസായം കോടതി നിരോധിക്കുകയില്ലേ? ഈ ടൂറിസം വ്യവസായത്തെ തകർക്കരുത്. ഇതുകൊണ്ട് ഒരുപേർ ജീവിക്കുന്നുണ്ട്. ഇവിടെവന്ന് താമസിക്കുന്ന സായിപ്പും മദാമ്മയും സൈക്കിളിൽപ്പോയി അവിടെ നിൽക്കുന്ന തൊഴിലാളിയുടെ പുറകിൽപ്പോയിനിന്ന് ഒരു കുപ്പി വാങ്ങി മുറിയിൽ കൊണ്ടുപോയി കുടിക്കാനാണോ നിങ്ങൾ പറയുന്നത്. അതുകൊണ്ട് കുറേക്കൂടി സ്റ്റഡി നടത്തി ഈ നാടിന്റെ സമ്പദ് വ്യവസ്ഥയെ തകർക്കാതെ ഇന്ന് മാണി സാറിന് കിട്ടിക്കൊണ്ടിരിക്കുന്ന ആയിരക്കണക്കിന് കോടി രൂപ...... അത് കൃത്യമായി നിങ്ങൾ പഠിച്ചിട്ടുണ്ടോയെന്ന് അറിയില്ല. ടൂറിസം മേഖല, ഹോട്ടൽ, കോൺഫറൻസ് നടത്തുന്ന സ്ഥലത്തുനിന്നൊക്കെ കിട്ടുന്ന എമൗണ്ടിനെ സംബന്ധിച്ച് നിങ്ങൾ സ്റ്റഡി

നടത്തിയിട്ടുണ്ടോ? ഉണ്ടെന്ന് എനിക്ക് തോന്നുന്നില്ല. സ്റ്റഡി നടത്തിയാൽ അതൊരു വലിയ സംഖ്യയാണ്. അത് വരുന്ന ദിവസങ്ങളിൽ ഇല്ലാതെപോകും. അതുകൊണ്ട് നിങ്ങളുടെ ഈ വികലമായ ഈ മദ്യനയത്തിനുവേണ്ടി ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തി സ്റ്റഡി ചെയ്തതിനുശേഷം........ അങ്ങ് പറഞ്ഞത് ഞാൻ അംഗീകരിക്കുന്നു. വർദ്ധിച്ചുവരുന്ന മദ്യാസക്തി കുറയ്ക്കണം, ശരിയാണ്. അതിനൊരു വഴി കണ്ടുപിടിക്കണം. അല്ലാതെ ഈ വികലമായ മദ്യനയവുമായി മുന്നോട്ടുപോകരുതെന്നുമാത്രം അഭ്യർത്ഥിച്ചുകൊണ്ട്, ഇന്ന് അത് ചർച്ച ചെയ്യാത്ത ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിച്ച ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. തോമസ് ചാണ്ടിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി)

(സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനുശേഷം സഭയിൽ തിരിച്ചെത്തി.)